I-T

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 481 — 24.03.2010 - ൽ മറുപടിയ്ക്ക്

അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.എം ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.എം.ഹംസ: | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി.) |
| (എ) അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി പ്രകാരം നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | അട്ടപ്പാടിയുടെ നഷ്ടപ്പെട്ട പരിസ്ഥിതി പുനഃസ്ഥാപിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ആദിവാസി വിഭാഗങ്ങൾക്ക് ഉതകുന്ന ജീവനോപാധികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോർപ്പറേഷന്റെ ധനസഹായത്തോടെ 2000 എപ്രിലിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള വനവൽക്കരണം, മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ, തടയണ നിർമ്മാണം എന്നിവയും വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, എന്നിവ ഉൾപ്പെടെയുള്ള സമ്പൂർണ്ണ ഊരു വികസന പരിപാടി, വരുമാനദായക പ്രവർത്തനങ്ങൾ, കലാ കായിക വികസനം, സാക്ഷരത തുടങ്ങിയ സാമൂഹിക വികസന പരിപാടികളും റോഡ്, പാലം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി). | പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്; | (ബി) | 219.31 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ. അതിൽ 176.9 കോടി രൂപ ജപ്പാൻ വായ്പയും 42.41 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. |
| (സി) | വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (സി) | സാക്ഷരത, തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, 4,7,10 എന്നീ ക്ലാസ്സുകളിലേക്കും ബിരുദത്തിനുമുള്ള തുല്യതാ പരീക്ഷ നടത്തിപ്പ്, പി.എസ്.സി പരീക്ഷകൾക്കുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക, സർക്കാർ സ്കൂളുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയാണ് വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും ചെയ്യുന്നത്.<br><br>മാനസികാരോഗ്യത്തെ സംബന്ധിച്ചും മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പുകൾ, ഡി-അഡിക്ഷൻ സെന്ററുകൾ, പകർച്ച വ്യാധികൾ നിയന്ത്രിക്കാനാവശ്യമായ മരുന്നുകൾ വിതരണം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യമേഖലയിൽ നടത്തിവരുന്നു. കൂടാതെ ആദിവാസി വൈദ്യത്തിന്റെ പരിപോഷണത്തിനുള്ള സഹായവും നൽകിവരുന്നു. അട്ടപ്പാടിയിലുള്ള അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുകയും ലബോറട്ടറി, എക്സ്റേ മെഷീനുകൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സമ്പൂർണ്ണ ഊരു വികസന പരിപാടിയുടെ ഒന്നാംഘട്ട പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | സമ്പൂർണ്ണ ഊരു വികസന പരിപാടി പൂർത്തീകരിച്ചിട്ടില്ല. ഒന്നാം ഘട്ടമായി ഏറ്റെടുത്ത 26 ഊരുകളിൽ 15 എണ്ണത്തിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട 1004 വീടുകളിൽ 798 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 57 വീടുകളുടെ പണി മാർച്ച് മാസത്തോടുകൂടിയും 149 വീടുകളുടെ പണി മെയ് മാസത്തോടുകൂടിയും പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | രണ്ടാം ഘട്ട പ്രവർത്തനത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ഇ) | രണ്ടാം ഘട്ടത്തിൽ 25 ഊരുകളാണ് ഏറ്റെടുത്തിട്ടുള്ളത്. 1006 വീടുകളാണ് പുതിയതായി നിർമ്മിക്കുന്നത്. പുതിയ വീടുകളുടെ നിർമ്മാണം, പഴയ വീടുകളുടെ സമഗ്ര നവീകരണം, വൈദ്യൂതീകരണം, സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുക, പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക, വൈദ്യൂതി എത്തിക്കാൻ സാധിക്കാത്ത ഊരുകളിൽ സോളാർ ലൈറ്റുകൾ നൽകുക, ഊരു പാതകൾ, ഊരു സംരക്ഷണ ഭിത്തികൾ എന്നിവ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (എഫ്) | അഹാഡ്സിന്റെ പ്രവർത്തന കാലാവധി എന്നുവരെയാണ്; കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (എഫ്) | 2000- ൽ ആരംഭിച്ച പദ്ധതി പ്രവർത്തനം 2003 ലും 2005 ലും 2008 ലും ദീർഘിപ്പിച്ചതാണ്. 2010 മാർച്ച് 26 വരെയാണ് പദ്ധതിയുടെ ഇപ്പോഴത്തെ കാലാവധി. കാലാവധി ഇനിയും നീട്ടുന്നതിന് ജപ്പാൻ ബാങ്ക് തയ്യാറല്ലെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവർത്തങ്ങൾ പൂർത്തിയാക്കുന്നതിനും മറ്റുമായി 2010-11 വർഷത്തേക്ക് 17.5 കോടി രൂപ അഹാഡ്സിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 482</u>

<u>24.03.2010-ൽ മറുപടിക്ക്</u>

## <u>മിനി ഫിഷ് ഹാർബർ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ പുതുതായി എത്ര മിനി ഫിഷ് ഹാർബറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാം; | എ) 14 ഫിഷറി ഹാർബറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ, തൃശ്ശൂർ ജില്ലയിൽ ചേറ്റുവ, എറണാകുളം ജില്ലയിൽ ചെല്ലാനം (രണ്ടാം ഘട്ടം) ആലപ്പുഴ ജില്ലയിൽ ചേത്തി (രണ്ടാംഘട്ടം), അർത്തുങ്കൽ (രണ്ടാംഘട്ടം), മഞ്ചേശ്വരം, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി, വലിയതുറ, ചിലക്കൂർ, സൗത്ത് പരവൂർ, പുന്നപ്ര, പുതിയങ്ങാടി (കണ്ണൂർ) എന്നിവയാണ്. |
| ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പുതുതായി മിനി ഫിഷ് ഹാർബറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിലേക്ക് എത്ര സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്; ഏതെങ്കിലും പ്രോജക്ടിന് സഹായം ലഭ്യമായിട്ടുണ്ടോ; | ബി) ഉണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തിന് പരിധി ഉള്ളതിനാൽ ഒരു സ്ഥലം മാത്രമേ നിർദ്ദേശിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. നിലവിൽ ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് നബാർഡ് ധനസഹായത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.483** **24.03.2010-ൽ മറുപടിക്ക്.**

**<u>ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് ഡവലപ്മെന്റ് പ്രോഗ്രാം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ. വി എൻ വാസവൻ<br>ശ്രീ. സി കെ പി പത്മനാഭൻ<br>ശ്രീ. സി കെ സദാശിവൻ<br>ശ്രീ. ബി രാഘവൻ<br>ശ്രീ. കെ സി കുഞ്ഞിരാമൻ | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| a) നഗര പ്രദേശങ്ങളിലെ ചേരികളുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് ഡെവലപ്മെന്റ് പ്രോഗ്രാം സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് നടപ്പാക്കുന്നത്; | a) ബി.എസ്.യു.പി പദ്ധതി നിലവിലുള്ള തിരുവനന്തപുരം, കൊച്ചി, തൃപ്പുണിത്തുറ, കളമശ്ശേരി ഒഴിച്ചുള്ള 54 നഗരസഭകൾക്കും ഐ.എച്ച്.എസ്.ഡി.പി യിൽ പ്രോജക്റ്റുകൾ സമർപ്പിക്കാവുന്നതാണ്. 35 നഗരസഭകളുടെ 37 പ്രോജക്റ്റുകളാണ് നടപ്പിലാക്കി വരുന്നത്. 10 നഗരസഭകളുടെ പ്രോജക്റ്റുകൾ കൂടി പുതുതായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നഗരസഭകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| b) വികസന പദ്ധതിയുടെ ഭാഗമായി നടത്താവുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | b) ഭവന നിർമ്മാണം/പുനരുദ്ധാരണം, കക്കൂസുകൾ, ശുദ്ധജല വിതരണം, ഓടകൾ, കുളിമുറികൾ, ചെറുപാതകളുടെ വീതി കൂട്ടൽ, സീവേജ് ലൈനുകൾ, തെരുവ് വിളക്കുകൾ, അംഗൻവാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൻ കീഴിൽ ഏർപ്പെടുത്താവുന്നതാണ്. |

| | |
|---|---|
| c) 11-ാം പദ്ധതിയിൽ കേരളത്തിന് നീക്കിവച്ചിട്ടുള്ള കേന്ദ്ര സഹായം എത്രയാണ്; | c) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ കാലാവധിയായ 2005-06 മുതൽ 2011-12 വരെ സംസ്ഥാനത്തിന് **ഐ.എച്ച്.എസ്.ഡി.പി.യ്ക്കായി കേന്ദ്ര ഗവൺമെന്റ് നീക്കി വെച്ചിട്ടുള്ളത് 198.83 കോടി രൂപയാണ്. ഇതിൽ 9.94 കോടി രൂപ ഭരണ ചെലവിനും 188.89 കോടി രൂപ പ്രോജക്റ്റുകൾക്കുമാണ്.** |
| d) ഇതിനകം എത്ര കോടി രൂപയുടെ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; | d) **45 നഗരസഭകളുടെ 53 പ്രോജക്റ്റുകൾ (45 ഒന്നാം ഘട്ട പ്രോജക്റ്റുകളും, 8 രണ്ടാംഘട്ട പ്രോജക്റ്റുകളും) കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ആകെ അടങ്കൽ 268.70 കോടി രൂപയാണ്.** |
| e) ഇതിൽ കേന്ദ്ര-സംസ്ഥാന-നഗരസഭാ ഗുണഭോക്തൃ വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | e) 80% കേന്ദ്ര വിഹിതവും ശേഷിക്കുന്ന 20% സംസ്ഥാന സർക്കാരിന്റെയും നഗരസഭയുടെയും ഗുണഭോക്താക്കളുടെയും വിഹിതമാണ്. ഭരണ ചെലവു കുറച്ചും ബി.എസ്.യു.പി-യിൽ അധികം വന്ന തുകയും ഉൾപ്പെടെ കേന്ദ്ര വിഹിതം 201.65 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതം 18.96 കോടി രൂപയും നഗരസഭകളുടെ വിഹിതം 28.08 കോടിയും ഗുണഭോക്തൃ വിഹിതം 20.11 കോടി രൂപയുമാണ്. |
| f) പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | f) സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 9 പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും സംസ്ഥാന തലത്തിൽ ഒരു പ്രോഗ്രാം മോണിറ്ററിംഗ് യൂണിറ്റും അതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 484

24.03.2010-ൽ മറുപടിയ്ക്ക്

റെസ്പോൺസിബിൾ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

ശ്രീ. കെ .രാജു
ശ്രീ.എൻ.രാജൻ
ശ്രീമതി.ഇ.എസ്. ബിജി മോൾ
ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീ.രാജാജി മാത്യു തോമസ്

| | | |
| --- | --- | --- |
| (എ) | സംസ്ഥാനത്ത് റെസ്പോൺ സിബിൾ ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | എ) ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | ബി) കേരളീയ ജനസമൂഹത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ അഭിവൃദ്ധിയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിദേശ നാണ്യ ശേഖരം വർദ്ധിപ്പിക്കുക, വരുമാനത്തിൻെറ ഗണ്യമായ പങ്ക് ടൂറിസത്തിലെ വിവിധ മേഖലകളിൽ പങ്കാളികളായ ജനവിഭാഗത്തിന് ഉറപ്പാക്കുക, തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ തനത് സംസ്കാരം, പൈതൃകം, ആചാരങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി പരിപോഷിപ്പിക്കുക, എന്നിവയാണ് പദ്ധതിയുടെ മറ്റു ലക്ഷ്യങ്ങൾ. |
| (സി) | ടൂറിസം മേഖലയിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര രൂപയുടെ പുതിയ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ? | സി) ടൂറിസം മേഖലയിൽ ഒരു വർഷം 1000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടാകുന്നു എന്നാണ് കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 3000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 485

24-3-2010 ൽ
മറുപടിയ്ക്ക്

### ബേക്കൽ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ബേക്കൽ ടൂറിസം പദ്ധതിയിലെ ആദ്യ റിസോർട്ട് 2010 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള 4 റിസോർട്ടുകളുടേയും പ്രവർത്തനം പുരോഗമിച്ചുവരുന്നു. ബേക്കൽ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചു. ഇതിന്റെ ജലവിതരണ ശൃംഖലയ്ക്ക് 208 ലക്ഷം രൂപ അനുവദിച്ച് പണി പൂർത്തീകരിച്ചു. ബാക്കിയുള്ള ജലവിതരണ ശൃംഖലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചു. ബേക്കൽ ലിങ്ക് റോഡുകൾ Major District Road സ്റ്റാൻഡേർഡിൽ നിർമ്മിക്കുന്നതിനായി 2021 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ സ്ഥലമെടുപ്പിനായി 680 ലക്ഷം രൂപ അധികമായി അനുവദിച്ചു. ബേക്കൽ ബീച്ച് പാർക്കിന്റെ നവീകരണത്തിനായി 250 ലക്ഷം രൂപയും തൃക്കണ്ണാട് ബീച്ച് പാർക്ക് നവീകരണത്തിനായി 45 ലക്ഷം രൂപയും അനുവദിച്ചു. ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് തുറന്ന് കിട്ടുന്നതിനുവേണ്ടി 50 ലക്ഷം രൂപയും തൃക്കണ്ണാട് റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 28.45 ലക്ഷം രൂപയും റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. ചേറ്റുകുണ്ട് മുതൽ ചിത്താരി കടപ്പുറം വരെയുള്ള |

3.5 കി.മീ. റോഡ് ചെയ്യുന്നതിന് 132 ലക്ഷം രൂപ അനുവദിച്ച് പണി പൂർത്തികരണ വേളയിലാണ്. ബേക്കൽ കോട്ടയ്ക്കു സമീപം വിപുലമായ പാർക്കിംഗ് ബേയുടെ പ്രവർത്തനം ആരംഭിച്ചു. കോട്ടയ്ക്കു തൊട്ടടുത്ത് സഞ്ചാരികളുടെ സൗകര്യാർത്ഥം തണൽ വിശ്രമകേന്ദ്രത്തിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. വലിയപറമ്പ് കായലോര ടൂറിസവുമായി ബന്ധപ്പെട്ട് ആയിറ്റിയിൽ ഹൗസ്ബോട്ട് ടെർമിനലും ഇടയിലക്കാട് അമിനിറ്റി സെന്ററും പ്രവർത്തനത്തിന് സജ്ജമാക്കിയിരിക്കുകയാണ്.

| | |
|---|---|
| ബി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് നിർമ്മിക്കുന്നതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വിശദീകരിക്കുമോ; | ബി) ബേക്കലിൽ ആറ് റിസോർട്ട് സൈറ്റുകളിൽ അഞ്ചു സൈറ്റുകൾ റിസോർട്ട് നിർമ്മാണത്തിനായി പാട്ടകരാർ വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ ഉദുമ ബേവൂരിയിൽ 31-1-2010-ൽ പ്രവർത്തനം ആരംഭിച്ചു. ഖന്ന ഹോട്ടൽ ഗ്രൂപ്പ് ഉദുമ കാപ്പിൽ നിർമ്മിക്കുന്ന റിസോർട്ടിന്റേയും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിൽ ഹോളിഡേ ഗ്രൂപ്പ് നിർമ്മിക്കുന്ന റിസോർട്ടിന്റേയും നിർമ്മാണപ്രവർത്തനം ധൃതഗതിയിൽ നടന്നുവരുന്നു. പള്ളിക്കര പഞ്ചായത്തിലെ ചേറ്റുകുണ്ടിൽ എയർട്രാവൽ എന്റർപ്രൈസസ് നിർമ്മിക്കുന്ന റിസോർട്ട് പ്രാരംഭഘട്ടത്തിലാണ്. ഉദുമ പഞ്ചായത്തിലെ കുതിരിൽ ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്മെന്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ബേക്കലിൽ എത്ര റിസോർട്ടുകളാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്; അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | സി) ഒന്ന്; ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ 31-1-2010-ൽ പ്രവർത്തനമാരംഭിച്ചു. |

| | |
|---|---|
| ഡി) ബേക്കലിനെ അന്താരാഷ്ട്ര വിനോദ സഞ്ചാര ഭൂപടത്തിലെത്തിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | ഡി) ബേക്കലിൽ ഫൈവ് സ്റ്റാർ കാറ്റഗറിയിൽ 5 റിസോർട്ടുകൾ 2 വർഷത്തിനകം പൂർത്തിയാക്കും. ഇതിൽ ഒന്ന് ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. കെ.ടി.ഡി.സി. ബേക്കലിൽ റിസോർട്ട് നിർമ്മിക്കും, ബേക്കലിൽ എയർ സ്ട്രിപ്പ് നിർമ്മാണം, കൾച്ചറൽ സെന്ററിന്റെ നിർമ്മാണം, ബേക്കൽ ലിങ്ക് റോഡുകൾ സ്റ്റാന്റേർഡ് റോഡുകളായി നവീകരിക്കൽ, മോഡൽ റോഡുകൾ, കായലോര ടൂറിസ വികസനത്തിന് ഹൗസ് ബോട്ടുകളുടേയും സ്പീഡ് ബോട്ടുകളുടേയും സവാരികൾ, ഇക്കോ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തി റാണിപുരം ഹിൽസ്റ്റേഷൻ നവീകരണം എന്നിവ ധൃതഗതിയിൽ നടന്നുവരുന്നു. |

Smaswathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.486 — 24.3.2010 ൽ മറുപടിയ്ക്ക്

## സംസ്ഥാന ഭാഗ്യക്കുറി ആകർഷകമാക്കുവാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ.ജോർജ്.എം.തോമസ്
ശ്രീ.കെ.സി.കുഞ്ഞിരാമൻ
ശ്രീ.സി.കെ.പി.പത്മനാഭൻ
ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ.ബി.രാഘവൻ

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി ആകർഷകമാക്കുന്നതിന് ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പ് സമഗ്രമായ പരിഷ്കാരങ്ങൾക്ക് വിധേയമാക്കി. ഇതിന്റെ ഭാഗമായി 15.5.07 ലെ ജി.ഒ.(എംഎസ്) നമ്പർ 124/07/റ്റിഡി നമ്പർ ഉത്തരവിലൂടെ വകുപ്പ് നവീകരിക്കുന്നതിനും അധികാരവികേന്ദ്രീകരണം നടപ്പിൽ വരുത്തുന്നതിനും സർക്കാർ അനുമതി നൽകി. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് വിപുലമായ അധികാരങ്ങൾ നൽകി. പുതിയ ഭാഗ്യക്കുറികൾ ആരംഭിയ്ക്കുന്നത്, സമ്മാന ഘടന പരിഷ്കാരം, പരസ്യ പ്രക്ഷേപണം എന്നീ വിഷയങ്ങളിൽ ഡയറക്ടർക്ക് കൂടുതൽ അധികാരം നൽകി. ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ, സമ്മാന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ സമ്മാന ക്ലെയിമുകൾ പാസ്സാക്കാനുള്ള അധികാരം യഥാക്രമം 5000 രൂപയിൽ നിന്ന് 1 ലക്ഷമായും, ഒരു ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായും ഉയർത്തി. 20 ലക്ഷം രൂപയിൽ കൂടുതലുള്ള ക്ലെയിമുകൾ ഡയറക്ടർ പാസ്സാക്കുന്നതിന് അനുമതി നൽകി. 3 പ്രതിവാര ഭാഗ്യക്കുറികളും 2 ദ്വൈവാര ഭാഗ്യക്കുറികളും ആരംഭിച്ചു. നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും രണ്ട് ദ്വൈവാര ഭാഗ്യക്കുറികളും, ആറ് ബമ്പർ ഭാഗ്യക്കുറികളും നടത്തി വരുന്നു. സ്വർണ്ണം സമ്മാനമായി നൽകി വരുന്ന കനകധാര, കാർസമ്മാനമായി നൽകുന്ന ചൈതന്യ കാർ പ്ലസ് എന്നിവ വിപണി |

| | | | |
|---|---|---|---|
| | | | യിൽ ഗണ്യമായ വിൽപന നേടി മുന്നേറുന്നു. ടിക്കറ്റുകളിൽ ഏർപ്പെടുത്തി വന്നിരുന്ന കടക്കുറ്റി സമ്പ്രദായം ഒഴിവാക്കാനായി കൂടുതൽ സുരക്ഷാക്രമീകരണങ്ങളോടെ റാൻഡം നമ്പറിംഗ് ബാർ കോഡിംഗ് തുടങ്ങിയ സാങ്കേതിക മാർഗ്ഗങ്ങൾ വിജയകരമായി നടപ്പിലാക്കി. കാക്കനാട് കെ. ബി.പി.എസ്., മണ്ണന്തല ഗവൺമെന്റ് പ്രസ്സ് എന്നിവയ്ക്കു പുറമേ KSAV&RC ലും ടിക്കറ്റച്ചടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>രജിസ്റ്റേർഡ് ഏജന്റുമാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ ടിക്കറ്റുകൾ കടമായി നൽകി തുടങ്ങിയതിനെ തുടർന്ന് വിൽപനയിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനായി.<br>ഏജൻസി ശൃംഖല വിപുലപ്പെടുത്തുന്നതിലേയ്ക്കായി ഏജൻസി ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും പുതുക്കൽ ഫീസ് 100 രൂപയിൽ നിന്ന് 50 രൂപയായും കുറവ് ചെയ്യുകയും, കാഷ്വൽ ഏജൻസി ഫീസ് 50 രൂപയായി നിജപ്പെടുത്തുകയും ചെയ്തു.<br>പരസ്യ പ്രചാരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൊത്തം വിറ്റു വരവിന്റെ 3% വരുന്ന തുക പരസ്യ ച്ചെലവിനത്തിൽ ഉപയോഗിക്കുന്നതിന് ഡയറക്ടർക്ക് അനുമതി നൽകി.<br>പാശ്ചാത്തല വികസന പരിപാടികളുടെ ഭാഗമായി ഡയറക്ടറേറ്റ്, മേഖലാ ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടറേറ്റ്, ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ എന്നിവ നവീകരിക്കുന്നതിന് സർക്കാർ അനുമതി നൽകി. ഇതനുസരിച്ച് 2008-09 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് സിഡ്കോ മുഖാന്തിരം നവീകരിക്കുകയുണ്ടായി. ശേഷിക്കുന്ന ഓഫീസുകൾ നവീകരിക്കുന്നതിന് ഡയറക്ടറേറ്റിന് 38.85 ലക്ഷം രൂപയും മേഖല ഭാഗ്യക്കുറി ഡയറക്ടറേറ്റിന് 25 ലക്ഷം രൂപയും ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് 50 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിച്ചു.<br>ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃത്യനിർവ്വഹണം |

<table>
<tr><td></td><td></td><td></td><td>സുഗമമാക്കുന്നതിനുമായി ബി.എസ്.എൻ.എൽ. ക്ലോസ്ഡ് യൂസർ ഗ്രൂപ്പിൽ ഉൾപ്പെടുത്തി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ മുതൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡുകൾ നൽകി.<br>നിലവിലുണ്ടായിരുന്ന ക്ഷേമനിധി വിപുലീകരിച്ച് കൂടുതൽ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തുകയും ക്ഷേമനിധിയ്ക്ക് പ്രത്യേകം ആസ്ഥാന മന്ദിരം ആരംഭിയ്ക്കുകയും ചെയ്തു.</td></tr>
<tr><td>(ബി)</td><td>ഇതിന്റെ ഫലമായി ഉണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഇതിന്റെ ഫലമായുണ്ടായ വരുമാന വർദ്ധനവിന്റെ വിവരം താഴെ കൊടുക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>ലാഭം</th></tr>
<tr><td>2006-2007</td><td>36,35,66,783</td></tr>
<tr><td>2007-2008</td><td>48,28,92,195</td></tr>
<tr><td>2008-2009</td><td>1,04,23,70,761</td></tr>
<tr><td>2009-2010<br>(Up to 28.2.2010)</td><td>114.94 കോടി<br>(Approx)<br>(Un reconciled)</td></tr>
</table></td></tr>
<tr><td>(സി)</td><td>ഭാഗ്യക്കുറി വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;</td><td>(സി)</td><td>5.6.07 ലെ ജി.ഓ(ആർ.റ്റി) നമ്പർ 458/07/റ്റിഡി നമ്പർ സർക്കാർ ഉത്തരവിലൂടെ വകുപ്പിന്റെ രണ്ടാം ഘട്ട കമ്പ്യൂട്ടറൈസേഷന് സർക്കാർ അനുമതി നൽകി. മൊത്ത സേവനദാതാവായ കെൽട്രോണിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി ആവശ്യം വേണ്ട കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുകയും വകുപ്പിന് വേണ്ടി കെൽട്രോൺ സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്ത Lottery Information & Management Systems (LIMS) വഴി 80% ജോലികളും നിർവ്വഹിച്ചു വരികയും ചെയ്യുന്നു. ഭരണപരമായ കാര്യ നിർവ്വഹണം മുൻനിർത്തി ഐ.ടി മിഷനുമായി ചേർന്ന് IDEAS എന്ന ഫയൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>ജീവനക്കാരുടെ ശമ്പള ബില്ലുകൾ കമ്പ്യൂട്ടറിലധിഷ്ഠിതമായി തയ്യാറാക്കുന്നതിന് എൻജിഒ.മാരുടെ കാര്യത്തിൽ സ്പാർക്ക് നടപ്പിലാക്കിയിട്ടുണ്ട്. ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ സ്പാർക്ക് നടപ്പിലാക്കുന്നതിന് ഐ.ടി. മിഷനുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ വെബ്സൈറ്റായ keralalotteries.com മുഖേന റിസൾട്ടുകൾ</td></tr>
</table>

| | | | |
|---|---|---|---|
| | | | തൽസമയം അപ് ലോഡ് ചെയ്യുന്നതിന് BSNL EVDO Mobile Internet, ഡയറക്ടറേറ്റ്, മേഖലാ ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. C-DIT വികസിപ്പിച്ചെടുത്ത വകുപ്പിന്റെ മേൽ പറഞ്ഞ വെബ്സൈറ്റ് Content Management Frame Work ലേക്ക് മാറ്റുന്നതിന് ഐ.ടി മിഷനുമായി സഹകരിച്ച് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഭാഗ്യക്കുറി റിസൾട്ടുകൾ SMS സന്ദേശം വഴി മൊബൈൽ ഫോൺ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടി ഐ.റ്റി മിഷന്റെ സഹകരണത്തോടെ സ്വീകരിച്ചു വരുന്നു |
| (ഡി) | ഭാഗ്യക്കുറി വിൽപന വർദ്ധിപ്പിക്കുന്നതിനായി പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഭാഗ്യക്കുറി വിപണിയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് സമ്മാന തുകയ്ക്ക് പുറമേ സ്വർണ്ണവും വാഹനവും വാഗ്ദാനം ചെയ്ത് കൊണ്ട് സമ്മാന ഘടന ആകർഷകമാക്കുന്നുണ്ട്. ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ ആകർഷകമായ പരസ്യങ്ങൾ നൽകി പുതുതലമുറയിൽപ്പെട്ട വിദ്യാസമ്പന്നരായ യുവതി യുവാക്കളെ ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നു. താലൂക്കടിസ്ഥാനത്തിൽ ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യമാക്കി ടിക്കറ്റ് വിൽപന വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഏജന്റുമാരിലൂടെ ടിക്കറ്റു വിപണിയിലെ തന്ത്രങ്ങൾ നിരീക്ഷിക്കാൻ ഏജന്റുമാരുടെ ഒരു സമിതി ഉണ്ടാക്കിയിട്ടുണ്ട്. സമ്മാന ഘടന പരിഷ്ക്കരിക്കുമ്പോൾ സമിതിയുടെ നിർദ്ദേശം കൂടി ആരായുന്നതും, അങ്ങനെ സമ്മാന ഘടന കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതുമാണ്. |

Chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 487

24.03.2010 - ൽ മറുപടിക്ക്

**റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുടെ അധീനതയിലുള്ള റോഡുകൾ അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് ഒരു റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് 15.01.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 11/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന്, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 20.03.2010-ലെ (എം.എസ്) 56/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അധിക മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണി കൾ; റീ ടാറിംഗ് പ്രവൃത്തികൾ, നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ എന്നിവയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നത്. എന്നാൽ |

പുതിയ റോഡുകളുടെ നിർമ്മാണം അനുവദനീയമല്ല. ഈ പദ്ധതി പ്രകാരം ഓരോ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താവുന്ന റോഡുകൾ താഴെ

മറ്റ് ജില്ലാ റോഡുകൾ.

2) ബ്ലോക്ക് പഞ്ചായത്തുകൾ

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം റോഡുകളുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായുകൾക്ക് നൽകിയിട്ടില്ലെങ്കിലും എം.എൽ.എ. റോഡുകളുടെയും, നബാർഡ് ആർ.ഐ. ഡി.എഫ്. റോഡുകളുടെയും അറ്റകുറ്റപ്പണി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന താണ്.

3) ഗ്രാമ പഞ്ചായത്തുകൾ: ഗ്രാമീണ റോഡുകൾ

4) നഗരസഭകൾ: നഗരസഭകളുടെ അധീനതയിലുള്ള റോഡുകൾ

(ബി) ഈ പദ്ധതികൾക്കാവശ്യമായ ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(ബി) 2009-10, 2010-11 വർഷങ്ങളിലെ വിഹിതം സമന്വയിപ്പിച്ചാണ് പദ്ധതി നടപ്പാ ക്കുന്നത്. ചുവടെ പ്രതിപാദിക്കുന്ന സ്രോതസുകളിലൂടെ ലഭ്യമാകുന്ന വിഹിതം ഈ പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1) 2009-10-ലെ റോഡ് മെയിന്റനൻസ് ഫണ്ട്.

2) 2009-10-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന്

ഉത്പാദനമേഖലയിൽ നിർബന്ധമായും വകയിരുത്തേണ്ട 40 % വിഹിതം 30 % മായി കുറവ് ചെയ്ത് കണ്ടെത്തുന്ന 10 % വിഹിതം.

3) 2009-10 വാർഷിക പദ്ധതിയിലെ പൊതു വിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം.

4) 2009-10-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം.

5) 2010-11-ൽ ലഭിക്കാവുന്ന റോഡ് മെയിന്റനൻസ് ഫണ്ട്.

6) 2010-11-ൽ ലഭിക്കാവുന്ന പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം.

7) പൊതു വിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതത്തിന്റെ ക്യാരി ഓവർ തുക. (സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വകയിരുത്തിയതിനുശേഷം വിഹിതം ബാക്കി യുണ്ടെങ്കിൽ) 2009-10-ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം റോഡ് വിഹിതത്തിലേക്ക് വകമാറ്റി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തത്തുല്യമായ തുക 2010-11-ലെ റോഡിതര വിഹിതത്തിൽ നിന്നും റോഡ് വിഹിതത്തിലേക്ക് വകമാറ്റാവുന്നതാണ്.

8) തനത് / ജനറൽ പർപ്പസ് ഫണ്ട് മിച്ചം.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 488 - 24.03.2010 ൽ മറുപടിക്ക്

13-ാം ധനകാര്യ കമ്മീഷന് സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിന്മേൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എം.മാണി** | **ശ്രീ. റ്റി.എം. തോമസ് ഐസക്**<br>**ധനകാര്യ വകുപ്പു മന്ത്രി** |
| (എ) 13-ാം ധനകാര്യ കമ്മീഷന് സംസ്ഥാന സർക്കാർ നൽകിയ നിവേദനത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് സ്പെഷ്യൽ ഗ്രാന്റ് ആവശ്യപ്പെട്ടിരുന്നത് ? വിശദമാക്കുമോ ? | ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം (വാല്യം-4.സ്പെഷ്യൽ പ്രോബ്ളംസ് ഓഫ് ദി സ്റ്റേറ്റ് ഓഫ് കേരള) 13-ാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ താഴെ പറയുന്ന 26 മേഖലകൾക്ക് ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.<br>1) കാർഷിക മേഖല - 200 കോടി<br>2) മൃഗസംരക്ഷണവും ക്ഷീര വികസനവും-150 കോടി<br>3) പരിസ്ഥിതി,കാലാവസ്ഥാ വ്യതിയാനം-127.61കോടി<br>4) മത്സ്യബന്ധനം - 580.51 കോടി<br>5) വനം - 114.43 കോടി<br>6) ആരോഗ്യം - 286.62 കോടി<br>7) വിവരസാങ്കേതിക വിദ്യാഭ്യാസം - 65കോടി<br>8) വിവരസാങ്കേതിക വിദ്യാഭ്യാസം ഘടപ്പാക്കൽ- 115കോടി<br>9) നീതിന്യായ നിർവ്വഹണം - 60.87കോടി<br>10) ബീഡിതൊഴിലാളികളുടെ പുനരുദ്ധാരണം-138.25 കോടി<br>11) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികഗ്രാന്റ്-893.52 കോടി<br>12) പബ്ളിക് ബിൽഡിംഗിന്റെ നവീകരണം -1332.06കോടി<br>13) റോഡുകളുടേയും പാലങ്ങളുടേയും നവീകരണം - 25169.63 കോടി<br>14) ജലസേചന പദ്ധതികളുടെ നവീകരണം-1410.14 കോടി<br>15) ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം- 50.00 കോടി<br>16) മോട്ടോർ വെഹിക്കിൾസ് - 65.24 കോടി<br>17) പോലീസ് - 101.81 കോടി<br>18) ജയിൽ - 154.76 കോടി<br>19) റജിസ്ട്രേഷൻ - 28.21 കോടി<br>20) റവന്യൂഭരണം - 118.67 കോടി<br>21) സാമൂഹിക ക്ഷേമം - 126.05 കോടി<br>22) കമേർഷ്യൽ ടാക്സ്സ് - 138.51 കോടി<br>23) കേരളത്തിലെ പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പിന്റെ സാമൂഹിക-സാമ്പത്തിക വളർച്ച-148.5കോടി<br>24) സാങ്കേതിക വിദ്യാഭ്യാസം - 100 കോടി<br>25) കൊളിജിയേറ്റ് എഡ്യൂക്കേഷൻ - 100 കോടി |

| | |
|---|---|
| | 26) കേരളത്തിലെ സർവ്വകലാശാലകൾ- 1034 കോടി<br><br>ആകെ തുക - 32809.39 കോടി<br><br>മേൽസൂചിപ്പിച്ച തുകയിൽ ഉൾപ്പെടുത്തി സ്പെഷ്യൽ ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) വനവൽക്കരണവും വനപരിപാലനവും-11442.85ലക്ഷം.<br>2) തീരദേശ പരിപാലനവും തീരദേശവാസികളുടെ സംരക്ഷണവും - 58050 ലക്ഷം.<br>3) വൃദ്ധജനസംരക്ഷണ പദ്ധതി - വൃദ്ധസദനങ്ങളുടെ നിർമ്മാണം -2000 ലക്ഷം 11വൃദ്ധസദനങ്ങളുടെ പുനരുദ്ധാരണം - 2200 ലക്ഷം<br>4) പരിസ്ഥിതിസംരക്ഷണം - - 8867.31ലക്ഷം.<br><br>കുട്ടനാട് പാരിസ്ഥിതിക പുനരുദ്ധാരണം - 500 കോടി (ഭരണഘടനയുടെ 275-ാം ആർട്ടിക്കിൾ പ്രകാരം സ്പെഷ്യൽ പ്രോബ്ളം ഓഫ് കുട്ടനാട് വെറ്റ്ലാന്റ് സിസ്റ്റം, (കെ.ഡബ്യൂ.എസ്), അഡിഷണൽ പ്രോപ്പോസൽ, 13-ാം ധനകാര്യ കമ്മീഷൻ) - 300 കോടി അനുവദിച്ചു നൽകാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.<br><br>5) ഉൾനാടൻ ജലഗതാഗതം - വടകര - മാഹി മെയിൻ കനാൽ നവീകരണം(44 കി.മി). 300 ലക്ഷം/കി. മി. - 13200 ലക്ഷം. |
| (ബി) സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് സംസ്ഥാനത്തിലേക്ക് മടങ്ങിവരുന്ന എൻ.ആർ.ഐ. കൾക്ക് വേണ്ടി സംസ്ഥാന സർക്കാർ 13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ ഏതെങ്കിലും സ്പെഷ്യൽ ഗ്രാന്റ് ആവശ്യപ്പെട്ടിരുന്നോ ? ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ? | ആവശ്യപ്പെട്ടിട്ടില്ല.<br>13-ാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) പരമ്പരാഗത വ്യവസായ മേഖലകൾക്ക് വേണ്ടിയും അതിന്റെ പുനരുദ്ധാരണത്തിന് വേണ്ടിയും 13-ാം കമ്മീഷൻ മുമ്പാകെ ഗ്രാന്റിനായി ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിരുന്നത് ? | ബീഡി തൊഴിലാളികളുടെ പുനരുദ്ധാരണ പദ്ധതിയാണ് കമ്മീഷന് സമർപ്പിച്ചിട്ടുള്ളത്-<br>പെൻഷൻ - 7325 ലക്ഷം<br>പുനരുദ്ധാരണ പാക്കേജ് - 1500 ലക്ഷം<br>സമാശ്വാസപദ്ധതി - 5000 ലക്ഷം<br>ആകെ തുക - 138.25 കോടി |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 489

24-03-2010 ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ കംപ്യൂട്ടറൈസേഷൻ സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ | ശ്രീ. എസ്. ശർമ്മ (ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിൽ കംപ്യൂട്ടറൈസേഷൻ സോഫ്റ്റ്‌വെയർ (version 3.1) ഇൻസ്റ്റലേഷൻ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉദ്ദേശിക്കുന്നുണ്ട്.. |
| (ബി) ഈ നവീകരണ പ്രവർത്തനങ്ങൾ ആധാരം എഴുത്തുകാരുടെയും കൈപ്പട ക്കാരുടെയും തൊഴിൽ നഷ്ടപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുമോ; | (ബി) ഇല്ല. സബ് രജിസ്ട്രാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനാണ് സോഫ്റ്റ് വെയർ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുന്നത്. ഫയലിംഗ്ഷീറ്റ് ആധാരത്തോടൊപ്പം സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. ഫയലിംഗ് ഷീറ്റ് സമ്പ്രദായം തുടരാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ആധാരമെഴുത്തുകാരുടെയോ, കയ്പട ക്കാരുടേയോ തൊഴിൽ നഷ്ടപ്പെടുകയില്ല. |
| (സി) വ്യാജപ്രമാണങ്ങൾ ചമയ്ക്കാനും തന്ത്രപ്രധാന രേഖകളിൽ മാറ്റം വരുത്താനും സാധിക്കുന്ന തരത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ ഗുരുതരമായ സുരക്ഷാ പാളിച്ച നിലനിൽക്കുന്നതായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ കണ്ടെത്തിയ | (സി) കേരള അക്കൗണ്ടന്റ് ജനറലിന്റെ ഐ.റ്റി.ആഡിറ്റ് വിഭാഗം പേൾ സോഫ്റ്റ് വെയർ പരിശോധിക്കുകയുണ്ടായി. എന്നാൽ അന്തിമ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രാഥമിക ആഡിറ്റ് റിമാർക്കിലെ ചില പരാമർശങ്ങൾ സംബന്ധിച്ചാണ് ചില വാർത്തകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായത്. ചില സബ് രജിസ്ട്രാർമാരുടെ |

| | |
|---|---|
| വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | പാസ് വേഡ് അവരുടെ കീഴിലുള്ള ജീവനക്കാർക്കു നൽകുന്നുവെന്നും സബ് രജിസ്ട്രാർമാർ കമ്പ്യൂട്ടറിൽ ചെയ്യേണ്ട ജോലികൾ കീഴ്ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്നുവെന്നും പ്രാഥമിക ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെത്തുടർന്ന് അത്തരം നടപടി ആവർത്തിക്കരുതെന്ന് സബ് രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസിലെ ജീവനക്കാർക്കുതന്നെയാണ് ഇത്തരം ജോലി ഏൽപ്പിച്ചുനൽകിയത് എന്നതിനാൽ സുരക്ഷിതത്വത്തിന്റെ ആശങ്ക അടിസ്ഥാനരഹിതമാണ്. എന്നിരുന്നാലും ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം നൽകിയതിനോടൊപ്പം, പേൾ സോഫ്റ്റ് വെയർ, സെൻട്രൽ ഐ.റ്റി. വകുപ്പിന്റെ ഘടകമായ STQC.ക്കു കൈമാറി സോഫ്റ്റ് വെയർ ആഡിറ്റ് നടത്തി സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്താനുമുള്ള കുറ്റമറ്റ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 490</u>

<u>24.03.2010-ൽ മറുപടിക്ക്</u>

# ബയോ മെട്രിക് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ.എം. ഉമ്മർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാന സർക്കാർ മത്സ്യമേഖലയിൽ നടപ്പിലാക്കാൻ പോകുന്ന ബയോമെട്രിക് കാർഡ് (തിരിച്ചറിയൽ രേഖ) പദ്ധതിക്കായി കേന്ദ്ര സർക്കാർ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) ബയോമെട്രിക് കാർഡ് പദ്ധതിക്കായി കേന്ദ്ര സർക്കാർ കേരളത്തിന് 92 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി ആരാണ് നടപ്പിലാക്കുന്നത്; പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ; | ബി) പ്രസ്തുത പദ്ധതി ഫിഷറീസ് വകുപ്പാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ സർവ്വേ ജോലികൾക്കായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തുകയും ഡേറ്റാ എൻട്രിക്കായി സി-ഡിറ്റിന്റെ സഹായം തേടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫോട്ടോ എടുത്ത് കാർഡ് ലാമിനേറ്റ് ചെയ്ത് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യത്തെ ഏൽപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രത്യേക ഗൈഡ്‌ലൈൻസ് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | സി) ഫിഷറീസ് വകുപ്പ് പ്രത്യേക ഗൈഡ്‌ലൈൻസൊന്നും തയ്യാറാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഗൈഡ്‌ലൈൻസ് അനുസരിച്ചാണ് ഫിഷറീസ് വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 491– 24.03.2010 ൽ മറുപടിക്ക്

### ട്രഷറി ബാങ്ക് ഇടപാട് സ്വകാര്യബാങ്കുകൾവഴി ആക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു: ശ്രീ. എ.പി അബ്ദുള്ളക്കുട്ടി<br>ബഹു: ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ബഹു: ശ്രീ. സി.പി മുഹമ്മദ് | | ബഹു: ധനകാര്യ വകുപ്പ് മന്ത്രി |
| എ) | ട്രഷറി ബാങ്ക് ഇടപാട് സ്വകാര്യ ബാങ്കുകൾ വഴി നടത്താൻ ഉദ്ദേശ്യമുണ്ടോ? | ഉദ്ദേശിക്കുന്നില്ല |
| ബി) | ഏതെല്ലാം സ്വകാര്യ ബാങ്കുകൾ വഴിയാണ് ട്രഷറി ബാങ്ക് ഇടപാട് നടത്താൻ ഉദ്ദേശിക്കുന്നത്; | ബാധകമല്ല |
| സി) | എന്തെല്ലാം ഇടപാടുകളാണ് സ്വകാര്യ ബാങ്കുകൾ വഴി നടത്താൻ ഉദ്ദേശിക്കുന്നത്; | ബാധകമല്ല |
| ഡി) | എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ട്രഷറി ബാങ്കിംഗ് സ്വകാര്യ ബാങ്കുകളെ ഏൽപ്പിക്കുന്നത് ? | ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.492. 24-03-2010 ൽ മറുപടിയ്ക്ക്.

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ജോർജ് എം തോമസ്<br>ശ്രീ. വി.ശശികുമാർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി.) |
| (എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ബ്യൂറോയെ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ബോർഡുകൾ സ്ഥാപിക്കുകയും, അതിൽ വിജിലൻസ് യൂണിറ്റ് ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് യഥാസമയം വിവരങ്ങൾ നൽകുന്നതിന് ബ്യൂറോയുടെ ആസ്ഥാനത്തും, നാല് |

| | |
|---|---|
| | മേഖലാ ആഫീസുകളിലും പ്രത്യേക ടെലിഫോൺ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി<br>വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹായത്താൽ നടത്തിവരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നൽകുന്ന പരിശീലനത്തിനു പുറമേ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അക്കാഡമിയിൽ അയച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) വിജിലൻസ് വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ വിജിലൻസിന്റെ ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. അത്യാധുനിക അന്വേഷണ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫാക്സ്/ സ്കാൻ മെഷീനുകൾ, കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ എന്നിവ വിജിലൻസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി വാങ്ങിയിട്ടുണ്ട്. ഓൺലൈൻ വഴി പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ജീവനക്കാർക്ക് സി-ഡാക്ക്-ൽ കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്. വിജിലൻസ് |

| | |
|---|---|
| | കേസ്/ അന്വേഷണം/രഹസ്യാന്വേഷണം മിന്നൽ പരിശോധന എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. വിജിലൻസ് വകുപ്പിൽ SPARK നടപ്പിലാക്കിയിട്ടുണ്ട്. |
| (സി അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് എത്ര കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത്; | (സി) അഴിമതി ആരോപണം സംബന്ധിച്ച് 524 കേസുകളുടെ അന്വേഷണമാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിൽ 38 എണ്ണം ട്രാപ്പ് കേസുകളാണ്. |
| (ഡി) മെച്ചപ്പെട്ട സർവ്വീസ് റിക്കാർഡുള്ളവരെ മാത്രം വിജിലൻസ് വകുപ്പിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പള വർദ്ധനവ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) മെച്ചപ്പെട്ട സർവ്വീസ് റിക്കാർഡ് ഉള്ള ഉദ്യോഗസ്ഥരെ മാത്രമേ വിജിലൻസ് വകുപ്പിൽ നിയമിക്കാറുള്ളൂ. ഈ ഉദ്യോഗസ്ഥർക്ക് പ്രത്യേക ശമ്പള വർദ്ധനവ് അനുവദിച്ചിട്ടില്ല. എന്നാൽ ഒരു നിശ്ചിത തുക സ്പെഷ്യൽ വിജിലൻസ് ഡ്യൂട്ടി അലവൻസായി വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. |
| (ഇ) വിജിലൻസ് കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. വിജിലൻസ് കേസുകളും വിജിലൻസ് അന്വേഷണങ്ങളും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 493 | 24.03.2010- ൽ മറുപടിക്ക്.

## രാസപരിശോധന ലബോറട്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. എം. മോനായി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) രാസപരിശോധന ലബോറട്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | : (എ) രാസപദാർത്ഥപരിശോധനാ ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്നു ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും . ആധുനികവൽക്കരിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മൂന്നു ലബോറട്ടറികളിലെയും എക്സൈസ് വിഭാഗം ആധുനികവൽക്കരിക്കുന്നതിനായി ഗ്യാസ് ക്രോമറ്റോഗ്രാഫ്, അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ മീറ്റർ എന്നീ ആധുനിക ഉപകരങ്ങൾ വാങ്ങി സ്ഥാപിച്ചു.<br>2. തിരുവനന്തപുരം, എറണാകുളം ലാബുകളിൽ ഡിജിറ്റൽ മൈക്രോസ്കോപ്പ് വാങ്ങി സ്ഥാപിച്ചു.<br>3. ലബോറട്ടറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ലബോറട്ടറി മാനേജ്മെന്റ് ആന്റ് റിപ്പോർട്ട് ജനറേഷൻ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>4. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മരാമത്തു പണികൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു. |

(മറുപുറം)

| | |
|---|---|
| (ബി) രാസപരിശോധകർക്ക് രാസപരിശോധനയിൽ നവീന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ഉതകുന്ന ഉന്നത പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | : (ബി) രാസപദാർത്ഥ പരിശോധകർക്ക് ഉന്നത പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിനു പുറത്തുള്ള ഏതെല്ലാം സ്ഥാപനങ്ങളിലാണ് പ്രസ്തുത ജീവനക്കാരെ ഉന്നത പരിശീലനത്തിന് അയയ്ക്കുന്നത് ; | : (സി) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഉന്നത പരിശീലനത്തിനായി ജീവനക്കാരെ അയച്ചിട്ടുണ്ട്:<br>1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ന്യൂഡെൽഹി.<br>2. സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി, ഹൈദരാബാദ്<br>3. ഡയറക്ടറേറ്റ് ഓഫ് ഫോറൻസിക് സയൻസ്, അഹമ്മദാബാദ് |
| (ഡി) പ്രസ്തുത ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനായി ഈ വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ; | : (ഡി) ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനായി നടപ്പു സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ അനുവദിച്ച സാമ്പത്തിക സഹായം ഉൾപ്പെടെ 1.45 കോടി രൂപ ചെലവഴിച്ചു. |
| (ഇ) റീജിയണൽ ലബോറട്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | : (ഇ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) ഇപ്പോൾ എത്ര തൊണ്ടി സാധനങ്ങൾ പ്രസ്തുത ലബോറട്ടറികളിൽ പരിശോധന നടത്താൻ അവശേഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ? | : (എഫ്) 01.03.2010-ാം തീയതിവരെ 32544 കേസ്സുകളിൽപ്പെട്ട സാമ്പിളുകൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 494

24.03.2010-ൽ മറുപടിയ്ക്ക്

## ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ.കെ.വി. അബ്ദുൾ ഖാദർ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. ആർ.സെൽവരാജ്
ശ്രീ.പി.വിശ്വൻ

എ) മത്സ്യത്തൊഴിലാളികളുടെ ജീവനും തൊഴിലുപകരണങ്ങൾക്കും സംരക്ഷണം നൽകാനായി മത്സ്യബോർഡ് വഴി നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലമുള്ള മരണം, മത്സ്യബന്ധനത്തിനിടയിൽ കടലിൽ കാണാതാകൽ, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുള്ള മരണം, അപകടം മൂലം പൂർണ്ണമായ അവശത എന്നിവയ്ക്ക് 2 ലക്ഷം രൂപയും, അപകടം മൂലം പൂർണ്ണവും ഭാഗികവുമായ അവശതയ്ക്ക് 1 ലക്ഷം രൂപ വരെയും, അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടന്ന് ചികിത്സിച്ച് വരുന്ന ആശുപത്രി ചെലവിന് പരമാവധി 20000/- രൂപയും, കുട്ടികളുടെ വിദ്യാഭ്യാസത്തിന് 5000 രൂപ വീതം പരമാവധി 10,000/- രൂപയും, ഭാഗിക അവശതയ്ക്ക് ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2000/-രൂപ മുതൽ 1,00,000/- രൂപ വരെ ഇൻഷ്വറൻസ് കോമ്പൻസേഷനായും ശവസംസ്കാര ചടങ്ങുകൾക്ക് പരമാവധി 2000/- രൂപയും നൽകിവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് വിധവാപെൻഷൻ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ പ്രതിമാസം 250/- രൂപയും നൽകിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും മത്സ്യബോർഡ് ഇൻഷ്വർ ചെയ്യുന്നു. ഇതിനായി മത്സ്യത്തൊഴിലാളികളിൽ നിന്ന് പ്രത്യേകമായി പ്രീമിയം ഒന്നും ഈടാക്കുന്നില്ല. പ്രീമിയം തുക സർക്കാരാണ് വഹിക്കുന്നത്. ഈ സാമ്പത്തിക വർഷം പ്രീമിയം അടയ്ക്കുന്നതിനായി 129.75 ലക്ഷം രൂപ സർക്കാർ അനുവദിച്ചു നൽകുകയുണ്ടായി.

മത്സ്യത്തൊഴിലാളികൾക്കുള്ള മത്സ്യബന്ധനോപാധികളായ വള്ളം/എഞ്ചിൻ എന്നിവയ്ക്കുണ്ടാകുന്ന അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് മത്സ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം വള്ളം, എഞ്ചിൻ എന്നിവയ്ക്ക് ഇൻഷ്വറൻസ് പ്രീമിയമായി അടയ്ക്കേണ്ടത് നിശ്ചിതവിലയുടെ 1.8% തുകയാണ്. പ്രീമിയത്തിന്റെ 75% തുക സർക്കാർ വഹിക്കുന്നതാണ്. ബാക്കി 25% തുക ഗുണഭോക്താവാണ് അടയ്ക്കേണ്ടത്. പതിനായിരം രൂപയ്ക്ക് മുകളിലുള്ള നാശനഷ്ടങ്ങൾക്ക് യഥാർത്ഥ റിപ്പയർ ചെലവിന്റെ 75% തുക ഇൻഷ്വറൻസ് നഷ്ടപരിഹാര

മായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലം വള്ളവും എഞ്ചിനും കടലിൽവെച്ച് നഷ്ടപ്പെടുന്ന അവസ്ഥയിൽ മേല്പറഞ്ഞ തുക കൂടാതെ വലയ്ക്ക് പ്രീമിയമില്ലാതെ പരമാവധി 20,000/- രൂപ വരെ നൽകുന്നു.

ബി) മത്സ്യബന്ധനത്തിനിടയിൽ അപകട മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് പദ്ധതി പ്രകാരമുള്ള സഹായധനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ബി) ഉണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലമുള്ള മരണം, മത്സ്യബന്ധനത്തിനിടയിൽ കടലിൽ കാണാതാകൽ, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാലുള്ള മരണം, അപകടം മൂലം പൂർണ്ണമായ അവശത എന്നിവയ്ക്ക് സഹായം 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സി) മത്സ്യഫെഡ് വഴി നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ;

സി) മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ടോ, ഹൃദ്രോഗം മൂലമോ മരണം സംഭവിച്ചാൽ 3 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ മറ്റേതു രീതിയിലുണ്ടാകുന്ന അപകടമരണത്തിനും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. അപകടത്തിൽ 50%-ൽ കൂടുതൽ സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ (ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെടുകയോ ഒരു കാലോ കയ്യോ നഷ്ടപ്പെടുകയോ ചെയ്താൽ) 1,50,000/- രൂപ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. രണ്ടു കണ്ണിന്റെയും കാഴ്ച നഷ്ടപ്പെടുകയോ, രണ്ടു കാലും നഷ്ടപ്പെടുകയോ, രണ്ടു കൈയും നഷ്ടപ്പെടുകയോ, ഒരുകാലും ഒരു കണ്ണും, അല്ലെങ്കിൽ ഒരു കൈയും ഒരു കണ്ണും നഷ്ടപ്പെടുകയോ അഥവാ ഒരു കൈയും ഒരു കാലും നഷ്ടപ്പെടുകയോ ചെയ്താലും 3 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കും. മേൽ പരാമർശിച്ച അപകടം സംഭവിക്കുന്ന വ്യക്തികൾക്ക് ഉണ്ടാകുന്ന ആശുപത്രി ചെലവ് 30,000/- രൂപയോ അല്ലെങ്കിൽ ചെലവിന്റെ 40% മോ ഏതാണോ കുറവ് ആ തുക കൂടി ഇൻഷ്വറൻസ് ആനുകൂല്യത്തിന് പുറമെ ലഭിക്കുന്നതാണ്.

ഡി) മത്സ്യസുരക്ഷാ പദ്ധതിപ്രകാരം എത്രപേർ തൊഴിലുപകരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഡി) മത്സ്യസുരക്ഷാ പദ്ധതി പ്രകാരം 21-08-08 മുതൽ 20-08-09 വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷാ കാലയളവിൽ 826 പേരും, തുടർന്നുള്ള കാലയളവിൽ നാളിതു വരെ 256 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബോധവൽക്കരണ പരിപാടികളും പ്രചാരണവും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 495 24/3/2010 -ൽ മറുപടിയ്ക്ക്.

### പുതുതായി നിയമിക്കപ്പെടുന്ന ജയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം

ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ.എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി.ശശികുമാർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). പുതുതായി നിയമിക്കപ്പെടുന്ന ജയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനമെന്ത്; | (എ). ജയിൽ വകുപ്പിൽ പുതുതായി നിയമിക്കപ്പെടുന്ന വാർഡർ /ഫീമെയിൽ വാർഡർ തസ്തികയിൽപ്പെട്ടവർക്ക് തിരുവനന്തപുരം സിക്കായിൽ 9 മാസത്തെ അടിസ്ഥാന പരിശീലനം നൽകി വരുന്നു. പുതുതായി നിയമനം ലഭിയ്ക്കുന്ന രണ്ടാം ഗ്രേഡ് / ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ജയിലർമാർക്ക് തമിഴ്നാട് വെല്ലൂരിലുള്ള അക്കാഡമി ഓഫ് പ്രിസൺ ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ (APCA) (Formerly RICA)ലും അടിസ്ഥാന പരിശീലനവും തുടർ പരിശീലനങ്ങളും നൽകിവരുന്നു. |
| (ബി). ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ജയിൽ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നത്; പ്രസ്തുത പരിശീലന പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി). പുതുതായി നിയമിക്കപ്പെടുന്ന വാർഡർമാർ മുതൽ ജയിലർമാർ വരെയുള്ളവർക്കും കൂടാതെ സെൻട്രൽ ജയിൽ സൂപ്രണ്ട്, ഡി.ഐ.ജി എന്നിവ ർക്കുമാണ് പരിശീലനം നൽകുന്നത്.<br><br>തിരുവനന്തപുരം സിക്കായിൽ കേരള പ്രിസൺ റൂൾസ്, സബ് ജയിൽ റൂൾസ് ബോർസ്റ്റൽ സ്കൂൾ ആക്റ്റും റൂളും, പ്രിസൺസ് ആക്റ്റ് പ്രിസണേഴ്സ് ആക്റ്റ് ഐ.പി.സി, സി.ആർ.പി.സി ഇൻഡ്യൻ എവിഡൻസ് ആക്റ്റ് എന്നിവയിൽ ജയിലുമായി ബന്ധപ്പെട്ട ഭാഗങ്ങൾ സോഷ്യോളജി, ക്രിമിനോളജി, പീനോളജി, ജയിൽ ഭരണവും തടവുകാരോടുള്ള പെരുമാറ്റ രീതിയും, ഫസ്റ്റ് എയ്ഡ്, ജനറൽ ഹൈജീൻ, സാനിറ്റേഷൻ, ഫാമിലി പ്ലാനിംഗ് എന്നിവയും കാലിക |

| | |
|---|---|
| | പ്രാധാന്യമുള്ള മനുഷ്യാവകാശനിയമങ്ങൾ, വിവരാവകാശ നിയമം എന്നീ വിഷയങ്ങളും പ്രായോഗിക പരിശീലനത്തിനു പുറമേ പഠിപ്പിച്ചുവരുന്നു.<br>പ്രായോഗിക പരിശീലനത്തിൽ ഫിസിക്കൽ ട്രെയിനിംഗ്, ഡ്രിൽ വിത്ത് ആന്റ് വിത്തൗട്ട് ആംസ്, മസ്കറ്ററി, ലാത്തി ഡ്രിൽ, ഗാർഡ് ആന്റ് സെൻട്രി, പാസിംഗ്ഔട്ട് പരേഡ്, സെറിമോണിയൽ പരേഡ്, അൺആംമ്ഡ് കോംബാറ്റ്, ഡ്രൈവിംങ്, ഫയറിംഗ് (0.303 റൈഫിൾ) ഗെയിംസ്, സ്പോർട്സ്, നീന്തൽ പരിശീലനം എന്നിവ ഉൾപ്പെടുന്നു.<br>ഓഫീസർമാർക്ക് APCA യിൽ മേൽ വിഷയങ്ങളിലും ഇൻഡ്യൻ ഭരണഘടന, സോഷ്യൽ വർക്ക്, പ്രൊബേഷൻ, കമ്പ്യൂട്ടർ, വ്യക്തിത്വവികസനം, ഫയറിംഗ് (പിസ്റ്റൾ/ റിവോൾവർ, എസ്.എൽ.ആർ) എന്നിവയും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജയിലുകളിലേയ്ക്കുംമറ്റു സ്ഥാപനങ്ങളിലേയ്ക്കുള്ള ഫീൽഡ് വിസിറ്റും ഉൾപ്പെടുന്നു. |
| **(സി). തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ജയിൽ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ആദ്യപരിശീലനത്തിൽ തന്നെ നൽകുമോ;** | (സി). നൽകിവരുന്നുണ്ട് |
| **(ഡി). ജയിൽ നിയമങ്ങൾ സംബന്ധിച്ച് ജയിൽ ഉദ്യോഗസ്ഥർക്ക് ശരിയായ ധാരണ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?** | **(ഡി). നടപടി സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.496 24.3.2010 ൽ മറുപടിയ്ക്ക്

## നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ. എം.ചന്ദ്രൻ
ശ്രീ. കെ.വി.കുഞ്ഞിരാമൻ
ശ്രീ. പി.ടി.എ.റഹീം
ശ്രീ.കെ.സി.രാജഗോപാൽ

ഡോ.റ്റി .എം.തോമസ് ഐസക്
(ധനകാര്യ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള ഒട്ടേറെ നൂതന പദ്ധതികൾ വാണിജ്യ നികുതി വകുപ്പിൽ ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക്പോസ്റ്റുകളിലൂടെ ശേഖരിച്ച് ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കി നികുതി വെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായിരുന്നു. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കാനുള്ള സർക്കാർ നയത്തിന്റെ പ്രാരംഭ ഘട്ടമായി നടപ്പാക്കിയ അഴിമതിരഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമായിരുന്നു. ചെക്ക് പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ പോലീസ് സംരക്ഷണം ഉറപ്പാക്കൽ, സോഷ്യൽ ആഡിറ്റിങ് പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ് ഡെസ്ക് സേവനം തുടങ്ങിയ നികുതി പിരവ് വർദ്ധിപ്പിക്കാനുള്ള തീവ്ര ശ്രമത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രധാനപ്പെട്ട നടപടികളായിരുന്നു. |

<table>
<tr><td></td><td>വാളയാർ അതിർത്തി ചെക്ക്പോസ്റ്റിനെ കൂടാതെ മഞ്ചേശ്വരം, അമരവിള ചെക്ക് പോസ്റ്റുകൾ അഴിമതിരഹിത ചെക്ക് പോസ്റ്റായി മാറ്റി.<br>അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, നടുപ്പുണി, ബംഗ്ര, മഞ്ചേശ്വരം, കുമിളി, കൂട്ടുപ്പുഴ എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ് ബ്രിഡ്ജ് സ്ഥാപിച്ചു.<br>വാണിജ്യ നികുതി ഓഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വരുമാനം ഉയർത്താനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു. നികുതി കുടിശ്ശിക പരമാവധി പിരിച്ചെടുക്കാനുള്ള ഭാഗമായുള്ള ആംനസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കി. ഈ പ്രവർത്തനങ്ങൾക്ക് പരിചയ സമ്പന്നതയും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു. ഇതിനു പുറമേ ഒരു ഊർജ്ജിത അപ്പീൽ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ ഏർപ്പെടുത്തി.</td></tr>
<tr><td>(ബി) കഴിഞ്ഞ നാലു വർഷങ്ങളിലായി നികുതിപിരിവിൽ ഉണ്ടായ വർദ്ധന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;</td><td>(ബി) കഴിഞ്ഞ നാലു വർഷമായി തനത് നികുതി പിരിവിൽ ഉണ്ടായ വർദ്ധന നിരക്ക് ചുവടെ ചേർക്കുന്നു. (അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം)<br><table><tr><th>വർഷം</th><th>വർദ്ധന നിരക്ക് (%)</th></tr><tr><td>2005-06</td><td>9.09</td></tr><tr><td>2006-07</td><td>22.12</td></tr><tr><td>2007-08</td><td>14.46</td></tr><tr><td>2008-09</td><td>16.98</td></tr></table></td></tr>
<tr><td>(സി) അടുത്ത വർഷം ലക്ഷ്യമിട്ടിട്ടുള്ള വർദ്ധന നിരക്ക് എത്രയാണ്;</td><td>(സി) 2010-11 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ സംസ്ഥാനത്തിന്റെ തനത് നികുതി പിരിവിന് 2009-2010 ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 20% വർദ്ധന നിരക്ക് ലക്ഷ്യമിട്ടിട്ടുണ്ട്</td></tr>
<tr><td>(ഡി) ഈ വർഷം ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ വർദ്ധന നിരക്ക് എത്രയാണ്;</td><td>(ഡി) 2010 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി പിരിവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 9.64 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.</td></tr>
</table>

<table>
<tr>
<td>(ഇ) ഈ സർക്കാർ വരുന്നതിനുമുമ്പ് സ്വർണ്ണാഭരണത്തിൽ നിന്ന് പ്രതിവർഷം പിരിഞ്ഞു കിട്ടിയ നികുതി എത്രയാണ്;</td>
<td>(ഇ) ഈ സർക്കാർ വരുന്നതിനു മുമ്പ് സ്വർണ്ണാഭരണത്തിൽ നിന്ന് പ്രതിവർഷം പിരിഞ്ഞു കിട്ടിയ നികുതി ചുവടെ ചേർക്കുന്നു
<table>
<tr><th>വർഷം</th><th>പിരിഞ്ഞു കിട്ടിയ തുക (കോടിയിൽ)</th></tr>
<tr><td>2001-02</td><td>34.69</td></tr>
<tr><td>2002-03</td><td>38.43</td></tr>
<tr><td>2003-04</td><td>40.65</td></tr>
<tr><td>2004-05</td><td>51.48</td></tr>
<tr><td>2005-06</td><td>21.21</td></tr>
</table>
</td>
</tr>
<tr>
<td>(എഫ്) ഈ സർക്കാർ വന്നശേഷം സ്വർണ്ണാഭരണ നികുതിയിൽ എന്തുമാത്രം വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ?</td>
<td>(എഫ്) ഈ സർക്കാർ വന്ന ശേഷം സ്വർണ്ണാഭരണ നികുതിയിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു
<table>
<tr><th>വർഷം</th><th>ലഭിച്ച നികുതി (കോടിയിൽ)</th><th>വർദ്ധനവ് (കോടിയിൽ)</th></tr>
<tr><td>2006-07</td><td>97.90</td><td>76.69</td></tr>
<tr><td>2007-08</td><td>120.93</td><td>23.03</td></tr>
<tr><td>2008-09</td><td>143.51</td><td>22.58</td></tr>
</table>
</td>
</tr>
</table>

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 497

24.03.2010-ൽ മറുപടിയ്ക്ക്

## ഫിഷിംഗ് ഹാർബറുകളുടെ നവീകരണം

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ.എ.എം.ആരിഫ്
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.എം.കെ.പുരുഷോത്തമൻ

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

എ) 50% കേന്ദ്ര സഹായത്തോടുകൂടി വൈപ്പിൻ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങളും നീണ്ടകര, പുതിയാപ്പ, ചോമ്പാൽ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ശുചിത്വനിലവാരം ഉയർത്തുന്നതിനുള്ള പ്രവൃത്തികളും പൂർത്തിയായി വരുന്നു. കൂടാതെ നീണ്ടകര തുറമുഖം നബാർഡ് സഹായത്തോടെ വികസിപ്പിക്കുന്ന പ്രവൃത്തികളും പൂർത്തിയായി വരുന്നു.

കൂടാതെ തങ്കശ്ശേരി (345 ലക്ഷം) , നീണ്ടകര (1361 ലക്ഷം), തോട്ടപ്പള്ളി (138 ലക്ഷം), മാപ്പിളബേ (360 ലക്ഷം), ചോമ്പാൽ (850 ലക്ഷം), പുതിയാപ്പ (280 ലക്ഷം), കായംകുളം (259 ലക്ഷം) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി പദ്ധതി രൂപരേഖകൾ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് (എൻ.എഫ്.ഡി.ബി) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പുതിയാപ്പ, കായംകുളം എന്നിവയ്ക്ക് എൻ.എഫ്.ഡി.ബി. അംഗീകാരം ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ എൻ.എഫ്.ഡി.ബി. യുമായി കരാറിലേർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബി) ഈ സർക്കാർ വന്നശേഷം ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു എന്നു വെളിപ്പെടുത്തുമോ;

ബി) കാസർഗോഡ്, തലായ്, കൊയിലാണ്ടി, ചെല്ലാനം (ഒന്നാം ഘട്ടം), അർത്തുങ്കൽ (ഒന്നാംഘട്ടം), ചെത്തി (ഒന്നാംഘട്ടം), എന്നിവയുടെ നിർമ്മാണം ആരംഭിച്ചു.

സി) ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

സി) ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനും നവീകരണത്തിനുമായി 7 മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രോജക്ടുകൾ കേന്ദ്ര സ്ഥാപനമായ എൻ.എഫ്.ഡി.ബി-ക്ക് സമർപ്പിക്കുകയും ആയതിൽ രണ്ടെണ്ണത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തു.

തങ്കശ്ശേരി (345 ലക്ഷം) , നീണ്ടകര (1361 ലക്ഷം), തോട്ടപ്പള്ളി (138 ലക്ഷം), മാപ്പിളബേ (360 ലക്ഷം), ചോമ്പാൽ (850 ലക്ഷം), പുതിയാപ്പ (280 ലക്ഷം), കായംകുളം (259 ലക്ഷം) എന്നിവയാണ് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ്

ബോർഡിന് (എൻ.എഫ്. ഡി.ബി) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ പുതിയാപ്പ, കായംകുളം എന്നിവയ്ക്ക് എൻ.എഫ്.ഡി.ബി. അംഗീകാരം ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ എൻ.എഫ്.ഡി.ബി.യുമായി കരാറിലേർപ്പെട്ട് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

vi) ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്; അടുത്തവർഷം ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ?

vi) വിഴിഞ്ഞം, തോട്ടപ്പള്ളി, മുതലപ്പൊഴി, ചെത്തി (ഒന്നാം ഘട്ടം), ചെല്ലാനം (ഒന്നാംഘട്ടം) അർത്തുങ്കൽ (ഒന്നാംഘട്ടം), പൊന്നാനി, കൊയിലാണ്ടി, തലായ്, കാസർഗോഡ് എന്നി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ചേറ്റുവ, ചെറുവത്തൂർ എന്നീ പുതിയ ഫിഷിംഗ് ഹാർബറുകൾക്ക് കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ചെല്ലാനം രണ്ടാംഘട്ട നിർമ്മാണത്തിന് 30 കോടി രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് സ്കീമിൽ അംഗീകരിച്ച് ഭരണാനുവാദം നൽകി. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. ചെത്തി രണ്ടാംഘട്ട നിർമ്മാണത്തിന് 4.95 കോടി രൂപയുടെ എസ്റ്റിമേറ്റിന് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്ന് ഭരണാനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

വിഴിഞ്ഞം, മുതലപ്പൊഴി, തോട്ടപ്പള്ളി, ചെത്തി (ഒന്നാം ഘട്ടം), അർത്തുങ്കൽ (ഒന്നാംഘട്ടം), ചെല്ലാനം (ഒന്നാംഘട്ടം), പൊന്നാനി, കൊയിലാണ്ടി, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം അടുത്തവർഷം (2010-11) പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

പതിനാലാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 498
24.03.2010 ൽ മറുപടിയ്ക്ക്

## ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം

ചോദ്യം

ശ്രീ.എ.എം.യൂസഫ്
ശ്രീ.ബാബു.എം.പാലിശ്ശേരി
ശ്രീ.എം.ഹംസ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.പി.വിശ്വൻ

ഉത്തരം

ബഹു. ധനകാര്യ വകുപ്പുമന്ത്രി
ഡോ.തോമസ് ഐസക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 498

| ചോദ്യം | ഉത്തരം |
|---|---|
| എ) ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്; | ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു<br>1. വകുപ്പിൽ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ അടിയന്തിരമായി നടപ്പിലാക്കുക<br>2. നിലവിലുള്ള സിങ്കിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിനു പകരം ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുക<br>3. ലൈഫ്, ജനറൽ ഇൻഷ്വറൻസ് വിഭാഗങ്ങളിൽ പുതിയ ഉൽപ്പന്നങ്ങൾ ആരംഭിക്കുക<br>4. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പൊതുമേഖലാ, എയിഡഡ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമാക്കുക<br>5. പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പദ്ധതി നിർബന്ധമായും ഇൻഷ്വറൻസ് വകുപ്പു വഴി തന്നെ നടപ്പിലാക്കുക<br>6. സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകളുടേയും, വകുപ്പുകളുടേയും ക്ഷേമ പദ്ധതികൾ |

| | |
|---|---|
| | ഇൻഷ്വറൻസ് വകുപ്പു വഴി നടപ്പിലാക്കുക<br>7. ആക്ച്വറിയൽ വാല്യുവേഷൻ വാർഷികമായി നടപ്പിലാക്കുക<br>8. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സ്വയം ഭരണാധികാരം നൽകുക<br>9. ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള പ്രീമിയം സ്ളാബുകൾ പുതുക്കി നിശ്ചയിക്കുക<br>10. ബിസിനസ് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുക<br>11. ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകുക<br>12. നടപടിക്രമങ്ങൾ ലഘൂകരിക്കുക<br>13. നിലവിലുള്ള റീ-ഇൻഷ്വറൻസ്, ഉടമ്പടികൾ പരിശോധിച്ച് പരിഷ്ക്കരിക്കുക |
| ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നു.<br>നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| സി) ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ? | ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടക്കുന്നു. പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 499 — 24-3-2010-ൽ മറുപടിക്ക്

### നഗര സൗന്ദര്യവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റൊഡ്രിഗ്സ് :<br>ശ്രീ. സാജു പോൾ :<br>ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. വി ശിവൻകുട്ടി :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗര സൗന്ദര്യവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ പൈതൃക പ്രാധാന്യമുള്ള കെട്ടിടങ്ങളും, പ്രദേശങ്ങളും കണ്ടെത്തി അവയുടെ വാസ്തുവിദ്യാപരവും, സൗന്ദര്യപരവുമായ കാര്യങ്ങൾ പരിശോധിക്കുന്നതിനും സർക്കാരിനും മുനിസിപ്പാലിറ്റികൾക്കും ഉപദേശം നൽകുന്നതിനും സംസ്ഥാന തലത്തിൽ ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നിലവിലുണ്ട്. തിരുവനന്തപുരം കോട്ട പ്രദേശവും, ചുറ്റുപാടും, ഫോർട്ടു കൊച്ചി പ്രദേശം, പാലക്കാട് കൽപ്പാത്തി പ്രദേശം എന്നീ പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക്, പ്രസ്തുത നഗരങ്ങൾക്കായുള്ള നഗരാസൂത്രണ |

തുടർച്ച ..2..

പദ്ധതികളുടെ (**General Town Planning Scheme**) ഭാഗമായി രൂപഭംഗിപരവും, പൈതൃക സംരക്ഷണപരവുമായ ഉപദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ആലപ്പുഴ പട്ടണത്തിന്റെ നഗരാസൂത്രണ പദ്ധതിയിലെ ആർക്കിടെക്ച്ചറൽ കൺട്രോൾ സോണിൽപ്പെടുന്ന കനാലുകൾക്കിരുവശവുമുള്ള പ്രദേശത്തെ നിർമ്മാണങ്ങൾക്കും രൂപകൽപ്പനാപരമായ ഉപദേശങ്ങൾ നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | നഗരങ്ങളിലും ദേശീയ-സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിശ്ചിത കാലാവധിക്കുശേഷം പുനർ നിർമ്മിക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുമോ ; | (ബി) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലോ ,തെരുവുകളിലോ കെട്ടിടങ്ങൾ സമാന മാതൃകയിൽ നിർമ്മിക്കാനും ഏകീകരിച്ച നിറങ്ങളിലുള്ള പെയിന്റടിച്ച് ആകർഷകമാക്കാനും നടപടി സ്വീകരിക്കുമോ ; | (സി) | കേരള മുനിസിപ്പാലിറ്റി ആക്ടിലെ 393-ാം വകുപ്പു പ്രകാരം ഒരു പ്രദേശത്തെ നോട്ടിഫൈ ചെയ്ത് ആ പ്രദേശത്തിന് ഉതകുന്ന രൂപകൽപന മുനിസിപ്പാലിറ്റിക്ക് നിഷ്ക്കർഷിക്കാൻ |

തുടർച്ച..3..

ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ അതാതു മുനിസിപ്പാലിറ്റികൾ തന്നെയാണ് നടപടി സ്വീകരിക്കേണ്ടത്.

(ഡി) കെട്ടിട ഉടമകളുടെ ഉത്തരവാദിത്വത്തിൽ റോഡുകളിൽ അലങ്കാര ചെടികളും തണൽമരങ്ങളും വച്ചു പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ;

പരിശോധിക്കുന്നതാണ്.

(ഇ) അനധികൃത ബോർഡുകൾ നീക്കം ചെയ്ത് സ്പോൺസർമാരുടെ സഹായത്തോടെ സ്ഥലനാമങ്ങൾ എഴുതി സ്ഥാപിക്കുവാനും കവലകൾ മോടിപിടിപ്പിക്കുവാനും സർക്കാർ സന്നദ്ധമാകുമോ ;

(ഇ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈ വിഷയത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

(എഫ്) നഗര സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

(എഫ്) ഹെറിറ്റേജ് കമ്മീഷന് പുറമേ വേറൊരു സംവിധാനത്തിന് രൂപം നൽകാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 500 24.03.2010–ൽ മറുപടി

ചോദ്യം

ശ്രീ. പി.ടി.എ. റഹീം

ശ്രീ.പി. കൃഷ്ണപ്രസാദ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. കെ.സി. രാജഗോപാലൻ

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. ടി എം.തോമസ് ഐസക്ക്

ബഹു. ധനകാര്യ മന്ത്രി

**ക്ഷേമപെൻഷനുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| (എ).ക്ഷേമപെൻഷനുകൾ യഥാ-സമയം അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതു മുതൽ വിവിധ ക്ഷേമ പെൻഷനുകൾ കുടിശിക കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. അതാതു വർഷത്തെ ബഡ്ജറ്റുകളിൽ നിലവിലുള്ള നിരക്കിൽ എല്ലാ ക്ഷേമ പെൻഷൻ ഗുണ-ഭോക്താക്കൾക്കും കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതി നാവശ്യമായ തുക വകയിരുത്തിവരുന്നു. കൂടാതെ വിവിധ ക്ഷേമ പെൻഷനുകളുടെ നിരക്കുകൾ വർദ്ധിക്കുമ്പോഴും ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധന നിമിത്തവും ഉണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിനായി അധിക ധനാനുമതി വഴിയും ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയും തുക അനുവദിച്ച് നൽകുന്നുണ്ട്. |
| (ബി). ഈ സർക്കാർ വരുമ്പോൾ ക്ഷേമപെൻഷനുകൾഅനുവദിക്കുന്ന തിന് പ്രതിമാസം എത്ര കോടി രൂപ വേണ്ടി വന്നിരുന്നു; ഇപ്പോൾ എത്രകോടി രൂപയാണ് ആവശ്യ-മായി വരുന്നത്; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമ പെൻഷനുകൾക്കായി പ്രതിമാസം 14 കോടിയോളം രൂപയാണ് ചെലവ് വന്നിരുന്നത്. എന്നാൽ ഈ സർക്കാർ ക്ഷേമ പെൻഷനുകൾ വർദ്ധി-പ്പിച്ചതുമൂലവും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വന്ന വർദ്ധനയും കാരണം ഇതിനുള്ള ചെലവ് ഇപ്പോൾ പ്രതിമാസം 38 കോടി രൂപയോളമാണ്. |

| | |
|---|---|
| (സി).ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 110-120 രൂപ നിരക്കുകളിൽ ആയിരുന്ന ക്ഷേമപെൻഷനുകൾ പല ഘട്ടങ്ങളിലായി വർദ്ധിപ്പിച്ച് 2009-10 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 250/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് അനുവദിച്ച് സമ്പൂർണ്ണ ലിസ്റ്റ് തയ്യാറാക്കി പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. |
| (ഡി). ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ വിഹിതമായി എത്രകോടി രൂപയാണ് നൽകുന്നത്; | ക്ഷേമനിധി. ബോർഡുകൾക്ക് 2009-10 സാമ്പത്തികവർഷം ഇതുവരെ 122.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ). ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും തന്നെ ധനവകുപ്പിൽ നിന്നും ഉണ്ടായിട്ടില്ല. എന്നാൽ ഓരോ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം ക്ഷേമനിധികൾ ഏർപ്പെടുത്തുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനായി സമഗ്രമായൊരു സാമൂഹ്യ സുരക്ഷാപദ്ധതി ആവിഷ്കരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ ഡോ എ.വി. ജോസ് അധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 501 — 24-3-2010-ൽ മറുപടിക്ക്

## അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ജെ. ജേക്കബ് :<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീമതി ജെ. അരുന്ധതി :<br>ശ്രീ. കെ. ടി. ജലീൽ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത കെട്ടിടനിർമ്മാണങ്ങൾ തടയുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ അവധി ദിവസങ്ങളിൽപോലും നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും, നഗരസഭാ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സർക്കാർ തലത്തിൽ സർക്കുലറുകൾ നൽകുകയും ഇതിനായി ഒരു വിജിലൻസ് സെൽ സെക്രട്ടറിയേറ്റിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. 1999 - ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17, 18, 19 എന്നിവയിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിബന്ധനകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

തുടർച്ച ..2..

കൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിനു വേണ്ടി ജില്ലാതല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ :

(ബി) കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് കാലതാമസം, പരിഹരിക്കുന്നതിന് 15/11/2008-ലെ 72671/ആർ. എ.1/08/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നഗരസഭകളിൽ എൻജിനീയറിംഗ്, ടൗൺ പ്ലാനിംഗ് വിഭാഗങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിൽ പുനർ വിന്യാസം വരുത്തി. കൂടാതെ 20/12/2008- ലെ 81003/ആർ.എ.1/08/ തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് പെർമിറ്റും ഒക്യുപൻസി സർട്ടിഫിക്കറ്റും, തപാലിൽ അയക്കുന്നതു സംബന്ധിച്ചും നിർദ്ദേശങ്ങൾ നൽകി. 150 സ്ക്വയർ മീ. വരെയുള്ള റസിഡൻഷ്യൽ ബിൽഡിംഗിന് അതാതു ദിവസം തന്നെ പെർമിറ്റ് നൽകണമെന്നുള്ള

തുടർച്ച ...3..

നിർദ്ദേശവും സർക്കുലർ മുഖേന നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനും, തീർപ്പാക്കുന്നതിനും കമ്പ്യൂട്ടർ 'ഓൺ ലൈൻ' സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) നികുതികളും മറ്റും അടയ്ക്കുന്നതിന്മേലുള്ള 'പിഴപ്പലിശയിൽ കുറവു വരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ :

(സി) ഉണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും വസ്തു നികുതി പരിഷ്കരിക്കുന്നതിനായുള്ള എല്ലാ നടപടിക്രമങ്ങളും ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവച്ചുകൊണ്ടും പഴയ നിരക്കിൽ നികുതി ഈടാക്കാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവായിരുന്നു. എന്നാൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചില നികുതിദായകരിൽ ഉണ്ടായ ആശയക്കുഴപ്പം മൂലം നഗരസഭകളിലും പഞ്ചായത്തുകളിലും നിശ്ചിത സമയത്തിനുള്ളിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വന്നിട്ടു

തുടർച്ച....4..

ണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഗണിച്ച് വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി നികുതി അടയ്ക്കാൻ സൗകര്യം നൽകണമെന്നുള്ള ആവശ്യം ഉയർന്നിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് 2010 മാർച്ച് 31-നകം വസ്തു നികുതി കുടിശ്ശിക തീർത്ത് അടയ്ക്കുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ പ്രകാരം പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻകാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) സർക്കാരിന്റെ 10-8-2009 ലെ 48297/ആർ.എ.1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ നൽകുന്നതിന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

തുടർച്ച ..5..

തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സർക്കാരിന്റെ 10/8/2009 ലെ 48296/ആർ.എ.1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താത്കാലിക കെട്ടിട നമ്പർ നൽകുന്നതിന് എല്ലാ നഗരസഭ/പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 502

24.03. 2010-ൽ മറുപടിക്ക്

# അക്വാപാർക്ക്/കാവിൽ സംരംഭങ്ങൾക്ക് ചെലവഴിച്ച തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പാക്കുവാനുദ്ദേശിക്കുന്ന അക്വാ പാർക്ക്/കാവിൽ (KAVIL) തുടങ്ങിയ സംരംഭങ്ങൾക്കായി എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചു; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ; | എ) 3.45 കോടി രൂപ അനുവദിച്ചു നൽകുകയും, ആ തുക മുഴുവനും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികൾക്കായി സർക്കാർ വക ഭൂമി/വസ്തുവകകൾ എന്നിവ നൽകിയിട്ടുണ്ടോ; എന്ത് വ്യവസ്ഥയിൽ; എവിടെയൊക്കെ നൽകിയെന്ന് വെളിപ്പെടുത്തുമോ; | ബി) ഉണ്ട്. കടുങ്ങല്ലൂരിൽ 9.5 ഏക്കർ ഭൂമി കമ്പനിക്ക് 30 വർഷത്തെ ലീസ് വ്യവസ്ഥയിലും, ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പറപ്പനങ്ങാടി- ഉള്ളണം ഫിഷ് ഫാം , നെയ്യാർഡാം ഫാം എന്നിവ പെർമിസീവ് സാംഗ്ഷൻ വ്യവസ്ഥയിലുമാണ് നൽകിയിട്ടുള്ളത്. |
| സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുകാർ ആരാണ്; ഇവയിൽ സർക്കാരിന്റെ പങ്കാളിത്തം എന്താണ്; വ്യക്തമാക്കുമോ? | സി) അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ടി കമ്പനി, ഫിഷറീസ് വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വയം സംരംഭകർ എന്നിവർ ഉൾപ്പെട്ട ഒരു സ്വകാര്യ - പൊതുമേഖല കമ്പനിയായിട്ടാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ടി കമ്പനിയുടെ ചെയർമാൻ ബഹു.മുഖ്യമന്ത്രിയും, വൈസ് ചെയർമാൻ ബഹു.ഫിഷറീസ് വകുപ്പു മന്ത്രിയുമായിരിക്കും. 50% ഡയറക്ടർമാർ സർക്കാർ നോമിനികളുമായിരിക്കും |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 503 - 24.03.2010 ൽ മറുപടിക്ക്**

**<u>പ്രവാസി വായ്പാ പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| എ. | വിദേശത്തു നിന്നും മടങ്ങിയെത്തുന്നവരെ ഉദ്ദേശിച്ച് പ്രവാസി വായ്പാ പദ്ധതിക്ക് കെ.എഫ്.സി രൂപം നൽകിയിരുന്നുവോ; | രൂപം നൽകിയിരുന്നു. |
| ബി. | ഈ പദ്ധതി പ്രകാരം എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് വായ്പ നൽകുവാൻ ഉദ്ദേശിച്ചിരുന്നത്; | 1. സാമ്പത്തിക മാന്ദ്യം കാരണം 1.7.2007ന് ശേഷം ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളായ മലയാളികളായിരിക്കണം അപേക്ഷകൻ.<br>2. ജോലി നഷ്ടപ്പെട്ടതിനു തെളിവായി പാസ്പോർട്ടിലെ രേഖപ്പെടുത്തലോ, എം.പി, എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, പ്രദേശത്തെ മഹല്ലു കമ്മിറ്റി, മൗലവി തുടങ്ങിയവരിൽ നിന്നുള്ള സാക്ഷ്യപത്രമോ മതിയാകുന്നതാണ്.<br>3. വായ്പാ കാലയളവ് ഉടനീളം 7 ശതമാനം പലിശനിരക്കായിരിക്കും<br>4. പരമാവധി വായ്പാ തുക 50 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. |

| | | |
|---|---|---|
| | | എന്നാൽ അർഹതപ്പെട്ട പ്രത്യേക കേസ്സുകളിൽ ഈ പരിധിയിൽ ഇളവു നൽകാവുന്നതാണ്.<br>5. "ദി മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006"ന്റെ നിർവചനത്തിൽ വരുന്ന വ്യവസായ സംരംഭങ്ങൾക്കാണ് വായ്പക്കുള്ള അർഹത. |
| സി. | ഈ പദ്ധതിയനുസരിച്ച് ഇതു വരെ എത്ര പേർക്ക് വായ്പ നൽകി; | ഈ പദ്ധതിയനുസരിച്ച് ഇതു വരെ 37 പേർക്ക് വായ്പ നൽകിയിട്ടുണ്ട്. |
| ഡി. | എന്തെല്ലാം വ്യവസായങ്ങൾ തുടങ്ങാനാണ് വായ്പ നൽകിയത്? | 1. അലുമിനിയം ഫാബ്രിക്കേഷൻ<br>2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം<br>3. ഗതാഗത മേഖല<br>4. കാറ്ററിംഗ്<br>5. ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം<br>6. റൈസ് മില്ല് തുടങ്ങുന്നതിന്/ ധാന്യങ്ങൾ പൊടിക്കുന്ന യൂണിറ്റ്<br>7. ഫർണിച്ചർ നിർമ്മാണം<br>8. സ്റ്റുഡിയോ തുടങ്ങുന്നതിന്<br>9. ബേക്കറി തുടങ്ങുന്നതിന്<br>10. ദന്താശുപത്രി തുടങ്ങുന്നതിന്<br>11. ഹോംസ്റ്റേ<br>12. കണ്ണട നിർമ്മാണം<br>13. സോഫ്റ്റ് വേർ ഡെവലപ്മെന്റ്<br>14. റസ്റ്റാറന്റ്<br>15. DTP സെന്റർ തുടങ്ങുന്നതിന്<br>16. കളിപ്പാട്ട/ട്രൈസൈക്കിൾ ഇവയുടെ നിർമ്മാണത്തിന്<br>17. വെൽഡിംഗ് യൂണിറ്റിന്<br>18. ഫൈബർ ഫിഷിംഗ് ബോട്ട്<br>19. പി.വി.സി ഡോർ നിർമ്മാണം |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ .504 — 24.03.2010-ൽ മറുപടിയ്ക്ക്

**വകുപ്പുകളുടെ സംയോജനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) പഞ്ചായത്തു വകുപ്പ്, ഗ്രാമ വികസന വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവ സംയോജിപ്പിച്ച് ഒറ്റവകുപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) പഞ്ചായത്ത് വകുപ്പിനും ഗ്രാമ വികസന വകുപ്പിനും, നഗരകാര്യ വകുപ്പിനും ഉദ്യോഗസ്ഥരുടെ പൊതുവായ ഒരു കേഡർ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ബി) ഇതുമൂലം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) ഇതുമൂലം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെപ്പറയുന്നവയാണ്.<br>തൊഴിൽ വൈദഗ്ദ്ധ്യം, പ്രവൃത്തി പരിചയം എന്നിവ മെച്ചപ്പെടും.<br>പരിശീലനം കാര്യക്ഷമമാകും. |
| (സി) വകുപ്പുകളുടെ സംയോജനത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇത് സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 505 — 24.03.2010 ൽ മറുപടിയ്ക്ക്.

## പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
" എ.പി. അനിൽ കുമാർ
" കെ. ശിവദാസൻനായർ

ശ്രീ. പാലോളി മുഹമ്മദ് കുട്ടി,
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടികൾ എന്തെല്ലാമാണ് ; | (എ) | ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രധാന മന്ത്രിയുടെ പതിനഞ്ചിന പരിപാടികൾ ചുവടെചേർക്കുന്നു.<br>**A** ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള അവസരങ്ങൾ<br>1. ഐ.സി.ഡി എസ് സർവ്വീസുകളുടെ തുല്യമായ ലഭ്യത<br>2. സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകൽ<br>3. ഉറുദു ഭാഷ പഠിപ്പിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുക.<br>4. മദ്രസ വിദ്യാഭ്യാസം ആധുനികവൽ ക്കരിക്കുക.<br>5. ന്യൂനപക്ഷ വിഭാഗങ്ങളിൽ സമർത്ഥ രായ വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് നൽകുക.<br>6. മൌലാനാ ആസാദ് എഡ്യൂക്കേഷൻ ഫൌണ്ടേഷൻ മുഖേന വിദ്യാഭ്യാസ പദ്ധതികളുടെ നവീകരണം.<br>**B** സാമ്പത്തിക ഔദ്യോഗിക കാര്യ ങ്ങളിലുള്ള പ്രവർത്തനം<br>7. പാവപ്പെട്ടവർക്കായുള്ള സ്വയം തൊഴിലും വേതനം മുഖേനയുള്ള തൊഴിലും<br>8. സാങ്കേതിക പരിഞ്ജാനത്തിൽ കൂടി കഴിവു വികസിപ്പിക്കുക<br>9. സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ലോണുകൾ മുഖേന യുള്ള പിന്തുണ<br>10. സംസ്ഥാന കേന്ദ്ര സർക്കാർ സർവ്വീസുകളിലേക്കുള്ള നിയമനം.<br>**C** ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളുടെ പുരോഗമനം<br>11. ഗ്രാമീണ ഭവന പദ്ധതികളിൽ നിയമാനുസരണമായ പങ്ക്<br>12. ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസി |

| | | | |
|---|---|---|---|
| | | | ക്കുന്ന ചേരിപ്രദേശങ്ങളുടെ ഉന്നമനം<br>13. സാമുദായിക സംഘട്ടനങ്ങൾ തടയുന്നതിനുള്ള മുൻകരുതലുകൾ<br>14. സാമുദായിക കുററങ്ങൾക്കെതിരായുള്ള ശിക്ഷണ നടപടികൾ<br>15. സാമുദായിക സംഘട്ടനങ്ങളിൽ ഇരയായവരുടെ പുനരധിവാസം. |
| (ബി) | ഈ പരിപാടികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു ; | (ബി) | സംസ്ഥാനത്ത് പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി വിവിധ വകുപ്പുകളിലൂടെയാണ് നടപ്പാക്കി വരുന്നത് • ഇതിന്റെ ഭാഗമായി സ്കോളർഷിപ്പിനത്തിൽ കേന്ദ്ര പദ്ധതിയായ പ്രീ മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഗവണ്മെന്റ്/ സ്വകാര്യസ്ഥാപനം വിദ്യാർത്ഥികൾക്ക്) മെറിറ് കം മീൻസ് സ്കോളർഷിപ്പ് (ടെക്നിക്കൽ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക്) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (+1മുതൽ പി.ജി. വരെയും എംഫിൽ/പിഎച്ച്.ഡി എന്നിവയ്ക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക്) എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ് എന്നീ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്നു. ഇതോടൊപ്പം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട കുട്ടികൾക്ക് ഫ്രീ കോച്ചിംഗ് സ്കീമിൽ പെടുത്തി കേന്ദ്ര സർക്കാരിന്റെ സഹായത്താൽ സൗജന്യ പരിശീലനത്തിനായി സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. കൂടാതെ 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, എന്നിവർക്കായി വിവിധ സേവനങ്ങൾ നടത്തിവരുന്ന 2476 അംഗനവാടികൾ ന്യൂനപക്ഷ പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത ഗ്രാമ വികസന പദ്ധതികളായ സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന എന്നീ പദ്ധതികളുടെ ഭൗതിക സാമ്പത്തിക ലക്ഷ്യത്തിന്റെ 15% ന്യൂനപക്ഷങ്ങൾക്കായി നീക്കിവയ്ക്കുകയും ഇപ്രകാരം നീക്കിവച്ചിട്ടുള്ള തുക ന്യൂനപക്ഷങ്ങൾക്കായി വിനിയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. ദേശീയ ന്യൂനപക്ഷ |

| | | | |
|---|---|---|---|
| | | | വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ വായ്പ പദ്ധതി, വിദ്യാഭ്യാസ വായ്പ പദ്ധതി, സന്നദ്ധ സംഘടനകൾ വഴിയുള്ള ലഘു വായ്പ പദ്ധതി, ന്യൂനപക്ഷ ക്ലസ്റ്റർ വികസന പദ്ധതി കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ വഴി ടേൺ ലോൺ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ്, ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം, മത്സ്യഫെഡു വഴി മത്സ്യത്തൊഴിലാളികൾക്കായുള്ള ടേം വായ്പകൾ, മൈക്രോഫിനാൻസ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. |
| (സി) | ഈ പരിപാടികൾ ഓരോന്നും നടപ്പാക്കുന്നതിന് സംസ്ഥാനം എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിനയച്ചു കൊടുത്തു ; | (സി) | സ്കോളർഷിപ്പ് പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. 2010-11 വർഷത്തേയ്ക്ക് മദ്രസ്സാനവീകരണത്തിനുള്ള പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതികളിൽ എന്തെല്ലാം കേന്ദ്രം അംഗീകരിച്ചു ; അവ നടപ്പാക്കുന്നതിന് എത്ര തുക കേന്ദ്രം അനുവദിച്ചു ; | (ഡി) | 2007-08, 2008-09, 2009-10 വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്തുനിന്ന് അയച്ച പുതിയ സ്കോളർഷിപ്പുകൾക്കും സ്കോളർഷിപ്പ് പുതുക്കി ലഭിക്കുന്നതിനുമുള്ള ലിസ്റ്റുകൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും, അവയ്ക്ക് ഓരോ വർഷത്തേയ്ക്കും യഥാക്രമം 84,17,510 രൂപ 2,42,03,774 രൂപ, 10,79,52,530 രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതി 2007-08, 2008-09, 2009-10 വർഷങ്ങളിലായി പുതിയതിനും പുതുക്കുന്നതിനുമായി പ്രസ്തുത വർഷങ്ങളിൽ അയച്ച ലിസ്റ്റുകൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ഈ വർഷങ്ങളിൽ യഥാക്രമം 3,96,85,817 രൂപ, 6,81,39,806 രൂപ, 6,98,50,836 രൂപ വീതം കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു. |
| (ഇ) | ഈ പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഈ പദ്ധതികൾ സാമൂഹ്യക്ഷേമം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, തൊഴിൽ, പട്ടികജാതി പട്ടിക വർഗ്ഗ വികസനം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, റവന്യൂ, അഭ്യന്തരം, മത്സ്യബന്ധനം എന്നീ വകുപ്പുകൾ വഴി നടപ്പിലാക്കുകയും പൊതുഭരണ ന്യൂന |

| | | | |
|---|---|---|---|
| | | | പക്ഷ സെൽ ഈ പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പ്രധാന മന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടി കളുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി ചെയർപേഴ്സണായ സംസ്ഥാനതല കമ്മിററിയും, ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിററികളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തല കമ്മിററി 19/3/10 ൽ യോഗം ചേർന്ന് ടി പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്-

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.506 24-03-2010- ൽ മറുപടിയ്ക്ക്

**മത്സ്യകേരളം പദ്ധതി**

ചോദ്യം | മറുപടി

ശ്രീ. ബാബു പോൾ :
ശ്രീ.എൻ.അനിരുദ്ധൻ :
ശ്രീ.കെ.രാജു :
ശ്രീ.എ.കെ.ചന്ദ്രൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യകേരളം പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ് ; | (എ) 28-6-2008 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 37/08/മതുവ പ്രകാരം അനുമതി നല്കിയ മത്സ്യകേരളം പദ്ധതി 20-12-2008 - ൽ എറണാകുളത്ത് വെച്ച് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതോടെയാണ് ആരംഭിച്ചത്. |
| (ബി) ചെമ്മീൻ കൃഷി, ആറ്റുകൊഞ്ച് കൃഷി, മത്സ്യകൃഷി എന്നിവ വ്യാപകമാക്കുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ചെമ്മീൻ കൃഷി, ആറ്റുകൊഞ്ച് കൃഷി, മത്സ്യകൃഷി എന്നിവ വ്യാപകമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, ജലസ്രോതസ്സുകൾ ഉള്ള എല്ലാ പഞ്ചായത്തുകളിലും ഫാർമേഴ്സ് ക്ലബ്ബുകൾ ആരംഭിക്കുകയും അതിന്റെ മേൽനോട്ടത്തിനായി അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ നിയമിക്കുകയും അവർക്കും കർഷകർക്കും വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തു. എല്ലാ ജില്ലകളിലുമായി ഫിഷറീസ് വകുപ്പിൽ നിലവിൽ എക്സ്റ്റൻഷൻ ജോലി ചെയ്യുന്ന ജീവനക്കാർക്കുപുറമെ 50 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെക്കൂടി കരാറടിസ്ഥാനത്തിൽ നിയമിക്കുകയും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും അവരിലൂടെ കർഷകർക്കുവേണ്ട സാങ്കേതിക |

| | |
|---|---|
| | സഹായങ്ങൾ നൽകുകയും ചെയ്തുവരുന്നു. <br><br> മത്സ്യകേരളം പദ്ധതിയുടെ പ്രധാനപ്പെട്ട ആനുകൂല്യം സൗജന്യമായി ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്തുകൾ കർഷകർക്ക് ലഭിക്കുന്നു എന്നതാണ്. ഇതിലേക്ക് ഓരുജല ചെമ്മീൻ കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപയുടെയും ആറ്റുകൊഞ്ച് ഉൾപ്പെടെയുള്ള ശുദ്ധജലകൃഷിക്ക് ഒരു ഹെക്ടറിന് 10,000 രൂപയുടെയും സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. സബ്സിഡിയിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളുടെ വില കഴിച്ചുള്ള ബാക്കി തുകയിൽനിന്ന് തീറ്റയ്ക്കുള്ള തുക കണ്ടെത്താനും, ഓരുജലകൃഷിയിൽ ഇൻഷ്വറൻസിനുള്ള ഉപഭോക്തൃവിഹിതംകൂടി കണ്ടെത്താനും കഴിയും. ഓരുജല ചെമ്മീൻ കൃഷിക്കും, ആറ്റുകൊഞ്ച് ഉൾപ്പെടെയുള്ള ശുദ്ധജലകൃഷിക്കും, ഇൻഷ്വറൻസ് ഏർപ്പെടുത്തിയത് കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട്. പി.സി.ആർ. ടെസ്റ്റ് ചെയ്ത് ഗുണമേന്മ ഉറപ്പാക്കിയ ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകിയതുവഴി ചെമ്മീൻ കൃഷിയെ രോഗവിമുക്തമാക്കുവാൻ സാധിച്ചു. സ്പോൺ ഉൽപ്പാദിപ്പിച്ച് റിയറിംഗ് ഫാർമേഴ്സ് വഴി വളർത്തി പദ്ധതിയിലേക്ക് തന്നെ തിരികെ വാങ്ങി കർഷകർക്ക് വിതരണം ചെയ്തതുവഴി ശുദ്ധജല മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞു. മികച്ച സംസ്ഥാനതല, ജില്ലാതല മത്സ്യ/ചെമ്മീൻ/കല്ലുമ്മേക്കായ കർഷകരെ തെരഞ്ഞെടുത്ത് അവാർഡ് നൽകി ആദരിക്കുന്നത് ഇത്തരം കൃഷി രീതികൾ കൂടുതൽ വ്യാപകമാക്കുന്നതിന് സഹായകമായിട്ടുണ്ട്. |

(സി) ഈ പദ്ധതി പ്രകാരം കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) വ്യക്തിഗത കർഷകന് 5 ഹെക്ടർവരെയും ഗ്രൂപ്പുകൾ/സ്വയംസഹായസംഘങ്ങൾ എന്നിവയ്ക്ക് 15 ഹെക്ടർ വരെയും സൗജന്യ വിത്തുവിതരണമാണ് പദ്ധതിയുടെ പ്രധാന ആനുകൂല്യം (100% ഇൻപുട്ട് സബ്സിഡി). 2-ാം വർഷത്തിൽ മുൻവർഷത്തെ കർഷകന് ഇൻപുട്ട് സബ്സിഡിയുടെ 75% വും 3-ാം വർഷത്തിൽ അവർക്ക് ഇൻപുട്ട് സബ്സിഡിയുടെ 50% വും ആനുകൂല്യം ലഭിക്കും. ഇതുകൂടാതെ ശുദ്ധജല കൃഷിയിടങ്ങൾ നന്നാക്കൽ/ പുതുക്കി പണിയൽ എന്നിവയ്ക്ക് ഹെക്ടറിന് 12,000 രൂപയും ഓരുജല കൃഷിയിൽ ഇതേ പ്രവൃത്തികൾക്ക് 30,000/- രൂപയും ആനുകൂല്യം ലഭിക്കും. കൂടാതെ പി.സി.ആർ. ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പാക്കിയ ചെമ്മീൻ വിത്തുവിതരണം, ഓരുജല/ശുദ്ധജല കൃഷികൾക്ക് ഇൻഷ്വറസ് പരിരക്ഷ, ഇൻപുട്ട് സബ്സിഡിയിൽ ഉൾപ്പെടുത്തി തീറ്റയ്ക്കുള്ള ആനുകൂല്യം എന്നിവയും കർഷകർക്ക് ലഭിക്കും. പദ്ധതിക്കുകീഴിൽ കർഷകർക്ക് വിദഗ്ദ്ധപരിശീലനവും സാങ്കേതിക സഹായവും ലഭിക്കും. ഇവ കൂടാതെ ഓരോ ഉപപദ്ധതികൾക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കിട്ടുന്നതാണ്.

| ക്രമ നം. | ഉപപദ്ധതി | സഹായധന നിരക്ക് |
|---|---|---|
| 1 | കുളങ്ങളിലും ടാങ്കുകളിലും ശുദ്ധജല മത്സ്യകൃഷി | 18000 രൂപ/ഹെക്ടർ |
| 2 | നെല്ല്/മത്സ്യം/ചെമ്മീൻ/പാടശേഖരങ്ങൾ/പരിത്യക്തമായ ജലപ്രദേശങ്ങളിലെ കൃഷി | 24000 രൂപ/ഹെക്ടർ |

| | | | |
|---|---|---|---|
| | 3 | സംയോജിത മത്സ്യകൃഷി | 16000 രൂപ/ഹെക്ടർ |
| | 4 | അലങ്കാര മത്സ്യ ഉല്പാദനം (യൂണിറ്റുകൾ) | 40,000 രൂപ |
| | 5 | മത്സ്യവിത്ത് പരിപാലന കേന്ദ്ര ങ്ങൾ (യൂണിറ്റുകൾ) | 10000 രൂപ |
| | 6 | കൊതുക് (കൂത്താടി) നിർമ്മാർ ജ്ജന മത്സ്യകൃഷി/ഉൽപ്പാദനം (യൂണിറ്റുകൾ) | 20000 രൂപ |
| | 7 | മത്സ്യസമ്പത്ത് വികസന പരിപാ ടികൾ | 100% |
| | 8 | പ്രദർശന കൃഷിയിടങ്ങൾ/ പഞ്ചായത്തുതല സമൂഹമത്സ്യ കുളങ്ങൾ എന്നിവ സ്ഥാപിക്കൽ | 100% |
| | 9 | പൊക്കാളി നിലങ്ങൾ/സ്വകാര്യ കുളങ്ങൾ എന്നിവിടങ്ങളിലെ ചെമ്മീൻ കൃഷി | 40000 രൂപ/ഹെക്ടർ |
| | 10 | കക്ക/ചിപ്പി/ക്ലാം കൃഷി (ha) | 2500 രൂപ |
| | 11 | കടൽപ്പായൽ കൃഷി (യൂണിറ്റു കൾ) | 40000 രൂപ |
| | 12 | കൂടുകളിലെ മത്സ്യകൃഷി (യൂണി റ്റുകൾ) | 12500 രൂപ |
| | 13 | ഞണ്ട് കൃഷി (യൂണിറ്റുകൾ) | 12500 രൂപ |
| | 14 | മത്സ്യവിത്തുല്പാദന യൂണിറ്റു കൾ/ശീതജല മത്സ്യം ഉൾപ്പെടെ യുള്ളവയുടെ വിത്തുബാങ്കുകൾ | 80000 രൂപ |

| | | |
|---|---|---|
| 15 | മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ | 100000 രൂപ |
| 16 | ഗുണനിലവാര നിയന്ത്രണശാലകൾ സ്ഥാപിക്കൽ | 100% |
| 17 | കക്ക/ചിപ്പി ശുദ്ധീകരണ യൂണിറ്റുകൾ | 50000 രൂപ |
| 18 | ജലകൃഷിക്കുള്ള സംയോജിത പരിശീലന പരിപാടികൾ | 100% |
| 19 | വിപുലീകരണ സേവന യൂണിറ്റുകൾ സ്ഥാപിക്കൽ | 100% |
| 20 | സഞ്ചരിക്കുന്ന ക്ലിനിക്കുകൾ | 100% |
| 21 | പാഠ്യവിവരങ്ങൾ/കൈപ്പുസ്തകങ്ങൾ/ഡോക്കുമെൻേറഷൻ | 100% |
| 22 | മത്സ്യകർഷക ക്ലബ്ബുകൾ സ്ഥാപിക്കൽ | 3000 രൂപ/ക്ലബ്ബ് |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 507

24-3-2010 ൽ
മറുപടിയ്ക്ക്

### ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എം.മോനായി:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. പി. കൃഷ്ണപ്രസാദ്:<br>ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കുമോ; | എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി കേരള സർക്കാർ, ടൂറിസം വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ്- ന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ടി.ആർ.കെ.എൽ നെ "കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ്" എന്ന പേരിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) റ്റി.ആർ.കെ.എൽ-ന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) & സി) ഉണ്ട്; ടൂറിസം വകുപ്പ്, മറ്റ് വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതര സർക്കാർ ഏജൻസികൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗിച്ച് അവരുടെ കൂടി പങ്കാളിത്തത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പദ്ധതികൾ സ്ഥാപിക്കുവാനുള്ള വിവിധ സ്കീമുകൾ ടി.ആർ.കെ.എൽ ആവിഷ്കരിച്ചുവരുന്നു. ആദ്യ പദ്ധതിയായി വേളിയിൽ ഒരു മെഗാ ടൂറിസം പദ്ധതി സ്ഥാപിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

---

| | |
|---|---|
| ഡി) റ്റി.ആർ.കെ.എൽ-ന്റെ ഘടനയിലും പ്രവർത്തനത്തിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) & ഇ) ഉണ്ട്; റ്റി.ആർ.കെ.എൽ-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി റ്റി.ആർ.കെ.എൽ-നെ കെ.ടി.ഡി.സിയിൽ നിന്നും വേർപെടുത്തി "കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ്" എന്നപേരിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഇ) എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.508 24.03.10 ൽ മറുപടിക്ക്
പ്രവാസി നിക്ഷേപത്തിൽ കുറവ്

ചോദ്യം
ശ്രീ. കെ. ശിവദാസൻ നായർ

ഉത്തരം
ഡോ. റ്റി.എം.തോമസ് ഐസക്
ധനകാര്യവകുപ്പ് മന്ത്രി

| | |
|---|---|
| (എ).സംസ്ഥാനത്ത് പ്രവാസി നിക്ഷേപം ഇടിയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 2008 മാർച്ചിലെ പ്രവാസി നിക്ഷേപമായ 29889 കോടി രൂപയെ അപേക്ഷിച്ച് 2009 മാർച്ചിലെ നിക്ഷേപം 37019 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇത് 23.85 ശതമാനം വളർച്ചയാണ് സൂചിപ്പിക്കുന്നത്. എന്നാൽ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ അവലോകന റിപ്പോർട്ടുകളിലെ കണക്കുകളിൽനിന്നും 2009-10 സാമ്പത്തികവർഷത്തിന്റെ ആദ്യപകുതിയിൽ ഇത് 37454 കോടി രൂപയായി മാത്രം വർദ്ധിച്ചിട്ടുള്ളതായി കാണാവുന്നതാണ്. എന്നിരുന്നാലും 2010 മാർച്ചിലെ കണക്കുകൾ ലഭ്യമായാൽ മാത്രമേ ഇത് സംബന്ധിച്ച വ്യക്തത ലഭിക്കുകയുള്ളൂ. |
| (ബി).സർക്കാർ പദ്ധതികളിൽ തിരിച്ചടവ് വൈകുന്നതായി ബാങ്കുകളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ടോ; | സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ അവലോകനങ്ങളിൽ പരാതികൾ ഉണ്ടായിട്ടുണ്ട്. |
| (സി) വായ്പാ നിക്ഷേപ അനുപാതത്തിൽ ഏതു രീതിയിലുള്ള മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്: | വായ്പാ-നിക്ഷേപ അനുപാതം 2008 മാർച്ച് മാസത്തെ അപേക്ഷിച്ച് 2009 മാർച്ചിൽ കുറവായിരുന്നെങ്കിലും അതിനുശേഷം പടിപടിയായി ഉയരുന്നതായിട്ടാണ് കാണുന്നത്. |

---

| | |
|---|---|
| (ഡി) വിദ്യാഭ്യാസ വായ്പാ പദ്ധതികൾ സുതാര്യമാക്കാൻ ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ടോ? | റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ എന്നിവയുടെ നിബന്ധനകൾക്കനുസരിച്ചാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ബാങ്കുകൾ നൽകുന്ന വായ്പ വെട്ടിക്കുറച്ചത് സംബന്ധിക്കുന്ന പരാതി കേന്ദ്രധനകാര്യ വകുപ്പ് മന്ത്രിയുടെയും ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷന്റെയും ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നഴ്സിംഗ്, ടീച്ചർ ട്രെയിനിംഗ്, എന്നീ ബിരുദ, ഡിപ്ളോമ കോഴ്സുകൾക്ക് സർക്കാർ അംഗീകരിച്ച ഫീസ് നിരക്കിന് തുല്യമായ തുക വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

— — — —

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 509 — 24.03.2010- ൽ മറുപടിക്ക്.

## പോലീസ് ആക്ട് പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് ആക്ട് പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ബി) ശ്രീ.ജേക്കബ് പുന്നൂസ് ഐ.പി.എസ്. ചെയർമാനായ കേരളാ പോലീസ് ആക്ട് റിവ്യൂ കമ്മിറ്റി തയ്യാറാക്കിയ കരട് കേരളാ പോലീസ് ബിൽ, 2010 സർക്കാർ വിശദമായി പരിശോധിക്കുകയും മന്ത്രിസഭ കരട് ബില്ലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നിയമനിർമ്മാണ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 510

24.03.2010-ലെ മറുപടിക്ക്

## ഭക്ഷണശാലകളുടെ ശുചിത്വപരിപാലനം

**ചോദ്യം**

ശ്രീ. ജോസഫ്. എം. പുതുശ്ശേരി
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | സംസ്ഥാനത്തെ ഹോട്ടലുകളിലും ക്യാന്റീനുകളിലും ഭക്ഷണം പാചകം ചെയ്യുന്ന മറ്റ് സ്ഥലങ്ങളിലും ശുചിത്വവും, ആഹാരപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ വ്യക്തി ശുചിത്വവും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | 01/02/2007 ലെ ജി.ഒ.(പി) നമ്പർ 31/07/H&FWD-ആയി പുറപ്പെടുവിച്ചതും എസ്.ആർ.ഒ നമ്പർ 103/07 ആയി വിജ്ഞാപനം ചെയ്തതുമായ 2007-ലെ കേരള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ചട്ടങ്ങളിലെ 9-ാം ചട്ട പ്രകാരം ഹോട്ടലുകളിലും ക്യാന്റീനുകളിലും ശുചിത്വവും ആഹാരപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ വ്യക്തി ശുചിത്വവും കർശനമായി പാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ഓഫീസർ 'ഫോറം സി' യിൽ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഒരാളെയും ഹോട്ടലുകളിൽ ജോലിക്ക് നിയോഗിക്കാൻ പാടില്ലായെന്നും, ജോലിക്ക് നിയോഗിക്കുന്നവരെ വർഷത്തിലൊരിക്കൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണെന്നും വ്യാപാര പ്രദേശത്തിനകത്ത് മതിയായ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 1994 ലെ കേരള |

| | | |
|---|---|---|
| | | മുനിസിപ്പാലിറ്റി ആക്ട് ചട്ടം 477 പ്രകാരം സെക്രട്ടറിക്കോ അദ്ദേഹം അതിനായി രേഖാമൂലം അധികാരപ്പെടുത്തുന്ന ഏതൊരാൾക്കും ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കുന്നതോ വില്പനയ്ക്കായി വച്ചിട്ടുള്ളതോ ആയ സ്ഥലം രാത്രിയിലോ പകലോ ഏതൊരു സമയത്തും നോട്ടീസ് കൂടാതെ പരിശോധന നടത്താവുന്നതാണ്. ഹെൽത്ത് സ്ക്വാഡ് രൂപീകരിച്ച് കോർപ്പറേഷനിൽ കുറഞ്ഞത് 3 ദിവസവും, മുനിസിപ്പാലിറ്റിയിൽ 2 ദിവസവുമെങ്കിലും പരിശോധന നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ബി | ഇക്കാര്യങ്ങളെ സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഭക്ഷണശാലകളുടെ നടത്തിപ്പുകാർക്ക് പ്രസ്തുത മാർഗ്ഗരേഖ എത്തിച്ചു കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇക്കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 2007-ലെ കേരള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ ചട്ടങ്ങൾ ബന്ധപ്പെട്ട എല്ലാപേരുടെയും അറിവിനായി 2/2/07 ലെ 189-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.103/2007 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. നഗരപ്രദേശങ്ങളിലെ ഹോട്ടലുകൾ/ക്യാന്റീനുകൾ/മറ്റു ഭക്ഷണശാലകളുടെ നടത്തിപ്പു സംബന്ധിച്ച് 28/1/95, 7/3/2009 തീയതികളിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | പൊതുജനാരോഗ്യം മുൻനിറുത്തി ഇത്തരം സ്ഥാപനങ്ങളുടെ ശുചിത്വപരിപാലനം ഉറപ്പുവരുത്താൻ തുടർച്ചയായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | 2007 ലെ കേരള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ചട്ടങ്ങളിലെ ചട്ടം 8 (2) പ്രകാരം ഫുഡ് ഇൻസ്പെക്ടർ/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് വ്യാപാര പരിസരത്ത് ഏത് സമയത്തും പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടങ്ങളിലെ ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഹെൽത്ത് ഇൻസ്പെക്ടർക്ക്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ഫുഡ് ഇൻസ്പെക്ടറുടെയും അറിവോടുകൂടി ലൈസൻസിക്ക് നോട്ടീസ് നൽകാവുന്നതാണ്. അപാകതകൾ നിർദ്ദിഷ്ട സമയത്തിനകം പരിഹരിക്കുന്നില്ലായെങ്കിൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് ഉത്തരവ് നൽകേണ്ടതും അപാകതകൾ തൃപ്തികരമായ രീതിയിൽ പരിഹരിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകാവുന്നതാണെന്ന് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ